# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുവയൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.1/149/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 08/02/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുവയൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.1/149/21 തീയ്യതി: 08/02/2022

# കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-07-2019 മുതൽ 05-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 06-01-2022 | 14-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-01-2022 | 14-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.പി.ഹരി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സുരേഷ് കുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിഷ.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.വൈ.വി.ശാന്ത | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.സിന്ധു.പി.എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബ്രിജേഷ്.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.സുബീഷ്.സി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 23-07-2019 |
| ശ്രീമതി.അർച്ചന.സി.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 23-07-2019 | 31-03-2020 |
| ശ്രീമതി.സിന്ധു.കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 12-06-2019 |
| ശ്രീമതി.അനുലിബ.എം.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 07-12-2019 | 31-03-2020 |
| ശ്രീ.മണി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ദിവ്യ.യു.കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.പ്രഷീല | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.മനോജ്.കെ.എം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീമതി.വസന്ത.പി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 05-12-2019 |
| ശ്രീമതി.റോസ് മേരി ഡി കോസ്റ്റ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-12-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.അനിത.എം.എ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ.സിബി.കെ.ചാക്കോ | വെറ്ററിനറി സർജൻ | 01-04-2019 | 12-09-2019 |
| ഡോ.ജോജ്ജു ജോൺ | വെറ്ററിനറി സർജൻ | 24-09-2019 | 31-03-2020 |
| ശ്രീമതി.റുമൈസ.പി.എം | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2019 | 14-09-2019 |
| ശ്രീ.സനിൽ കുമാർ.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 24-12-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: SURESH KUMAR S (Senior Grade Auditor, On 06-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-1 |
| 2 | ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-1-1 |
| 3 | ബജറ്റ് അപൂർണ്ണമായി തയ്യാറാക്കി<br>Written By: SURESH KUMAR S (Senior Grade Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: SURESH KUMAR S (Senior Grade Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-2 |
| 5 | വാർഷിക കണക്കിലെ അപാകതകൾ :<br>Written By: SURESH KUMAR S (Senior Grade Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം<br>Written By: SURESH KUMAR S (Senior Grade Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: SURESH KUMAR S (Senior Grade Auditor, On 16-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-5 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-6 |
| 10 | ക്യാഷ് പരിശോധന<br>Written By: Jisha.P (Auditor, On 19-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-7 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: SURESH KUMAR S (Senior Grade Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-8 |
| 12 | പാർക്കിംഗ് സ്പേസ് ഒരുക്കാതെയും വശങ്ങളിൽ നിശ്ചിത അകലം പാലിക്കാതെയുമുള്ള അനധികൃത നിർമ്മാണം-സംബന്ധിച്ച്<br>Written By: Jisha.P (Auditor, On 19-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-9 |
| 13 | അരിയോറക്കുന്ന് സംരക്ഷണം-അനധികൃത നിർമ്മാണം സംബന്ധിച്ച്<br>Written By: Jisha.P (Auditor, On 19-01-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 1-10 |
| 14 | പട്ടികജാതി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ -സെന്റേജ് ചാർജ്ജ് അധിക നിരക്കിൽ ഈടാക്കി,പ്രവൃത്തി പൂർത്തീകരിച്ചില്ല.<br>Written By: Sreeja Thekkan (Audit Officer, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-11 |
| 15 | വിദ്യാലയ റേഡിയോ - നൂതനവും മാതൃകാപരവുമായ പ്രോജക്ട് - ഉദ്ഘാടനം കഴിഞ്ഞിട്ടും ഉപേക്ഷിക്കപ്പെട്ട നിലയിൽ<br>Written By: Sreeja Thekkan (Audit Officer, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-12 |

| | | |
|---|---|---|
| 16 | ബയോ ഗ്യാസ് പ്ലാന്റ് - ഗാർഹികം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Sreeja Thekkan (Audit Officer, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-13 |
| 17 | ഭവന നിർമ്മാണത്തിന് അഡ്വാൻസ് കൈപ്പറ്റിയ ശേഷം ഗുണഭോക്താവ് സ്ഥലം വിറ്റ - തുക തിരികെ ഈടാക്കിയില്ല.<br>Written By: Sreeja Thekkan (Audit Officer, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-14 |
| 18 | പാർപ്പിടകെട്ടിടത്തിൽ എഫ്.ടി.ഇ&ഒ.എസ്- ലൈസൻസ് ഇല്ലാതെ ഫർണ്ണിച്ചർ കട പ്രവർത്തിക്കുന്നു<br>Written By: Jisha.P (Auditor, On 19-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-15 |
| 19 | അങ്കണവാടി നിർമ്മാണത്തിനും നവീകരണത്തിനുമായുള്ള ഡെപ്പോസിറ്റ് - വർഷങ്ങളായിട്ടും പ്രവൃത്തി പൂർത്തീകരിച്ചില്ല.<br>Written By: Sreeja Thekkan (Audit Officer, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-16 |
| 20 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിച്ചില്ല<br>Written By: Jisha Samuel (Asst. Audit Officer, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-17 |
| 21 | പുതുക്കുടി പറമ്പ കുടിവെള്ള പദ്ധതി പൈപ്പ് മാറ്റൽ -പ്രവൃത്തിയിൽ അവ്യക്തതയും മറ്റപാകതയും<br>Written By: Jisha Samuel (Asst. Audit Officer, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-18 |
| 22 | ബഡ്സ് സ്കൂൾ ആരംഭിക്കാൻ നടപടികളില്ല<br>Written By: Sreeja Thekkan (Audit Officer, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-19 |
| 23 | എക്കൗ ഇനങ്ങളുടെ നിരക്ക് തെറ്റായി കണക്കാക്കി - കരാറുകാരന് അധിക തുക നൽകി<br>Written By: Jisha Samuel (Asst. Audit Officer, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 1-20 |
| 24 | എസ്റ്റിമേറ്റിൽ തെറ്റായ ഇനം ഉൾപ്പെടുത്തി - നിർമ്മിതിയുടെ വിശദാംശം ലഭ്യമല്ല<br>Written By: Jisha Samuel (Asst. Audit Officer, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-21 |
| 25 | വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം- നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sreeja Thekkan (Audit Officer, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-22 |
| 26 | തൻവർഷ ചെലവു തുച്ഛം - വികസനഫണ്ടുകൾ പാഴാകുന്നു<br>Written By: Jisha Samuel (Asst. Audit Officer, On 14-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-23 |
| 27 | ആദായ നികുതി - യഥാസമയം ഒടുക്കാത്തതിനാൽ പിഴ ഒടുക്കി<br>Written By: SURESH KUMAR S (Senior Grade Auditor, On 01-02-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-24 |
| 28 | സേവനപുസ്തകം -പരിപാലിക്കുന്നതിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 01-02-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | എക്കൗ ഇനങ്ങളുടെ നിരക്ക് തെറ്റായി കണക്കാക്കി - കരാറുകാരന് അധിക | 3-1 |

| | | |
|---|---|---|
| | തുക നൽകി<br>Written By: Jisha Samuel (Asst. Audit Officer, On 04-02-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: SURESH KUMAR S (Senior Grade Auditor, On 17-01-2022)<br>Last Updated By: SURESH KUMAR S (Senior Grade Auditor, On 17-01-2022) | 4-1 |
| 2 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: SURESH KUMAR S (Senior Grade Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 17-01-2022)<br>Last Updated By: SURESH KUMAR S (Senior Grade Auditor, On 17-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരച്ചടവ്<br>Written By: SURESH KUMAR S (Senior Grade Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: SURESH KUMAR S (Senior Grade Auditor, On 17-01-2022)<br>Last Updated By: SURESH KUMAR S (Senior Grade Auditor, On 17-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: SURESH KUMAR S (Senior Grade Auditor, On 17-01-2022)<br>Last Updated By: SURESH KUMAR S (Senior Grade Auditor, On 17-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: SURESH KUMAR S (Senior Grade Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: SURESH KUMAR S (Senior Grade Auditor, On 17-01-2022)<br>Last Updated By: SURESH KUMAR S (Senior Grade Auditor, On 17-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 20-01-2022)<br>Last Updated By: Vasudevan M (Deputy Director, On 08-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 07-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പെരുവയൽ ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 16.01.2019 തീയതിയിലെ തീരുമാന നം. 09/19 പ്രകാരം 2019-20 വർഷത്തെ കരട് ബജറ്റ് അംഗീകാരത്തിനായി സമർപ്പിക്കാൻ തീരുമാനിക്കുകയും 08.02.2019 -ലെ ഭരണസമിതിയുടെ പ്രത്യേക യോഗത്തിലെ തീരുമാനം നമ്പർ 1 പ്രകാരം വാർഷിക ബജറ്റ് മാറ്റങ്ങളൊന്നുമില്ലാതെ അംഗീകരിക്കുകയും ചെയ്തു. 05.03.2020 ലെ ഭരണസമിതി തീരുമാന നം. 1 പ്രകാരം 2019-20 വർഷത്തെ റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചു.

## 1-1-1 ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

പഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ളതും വാർഷിക ധനകാര്യപത്രിക പ്രകാരം യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു :

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 20124279 | 22589470 | 2465191 | -- |
| വരവ് | 222312280 | 81709784 | -- | 140602496 |
| ആകെ | 242436559 | 104299254 | -- | 1381370305 |
| ചെലവ് | 221377518 | 76950698 | -- | 144426820 |
| നീക്കിയിരിപ്പ് | 21059041 | 27348556 | 6289515 | -- |

വർക്ക്ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല.

## 1-1-2 ബജറ്റ് അപൂർണ്ണമായി തയ്യാറാക്കി

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. അതിനാൽ, ബജറ്റ് പൂർണ്ണ രൂപത്തിലല്ല തയ്യാറാക്കിയിരിക്കുന്നത് എന്ന് കാണാം.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 15.06.2020 |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ :

പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.Sale Of Tender Forms ഇനത്തിൽ (RP-5) തൻവർഷം 184033/- രൂപ വരവ് വന്നിട്ടുണ്ട്. വരവ് തുകയുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.വാർഷിക കണക്കിലെ ബി-9 ഷെഡ്യൂൾ പ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കേണ്ട ജി.എസ്.ടി, ഫ്ലഡ് സെസ്, ലൈബ്രറി സെസ് എന്നിവ അടവാക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

3.വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

4.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം Festival Advance (460100101) എന്ന ശീർഷകത്തിൽ 6800/- രൂപ രസീതി നം.4190048/04.08.19 പ്രകാരം ഓണം അഡ്വാൻസ് ആയി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല . രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.വസ്തുനികുതി രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ(എംപ്ലോയീസ്), ഡി&ഒ രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

6. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-1 പ്രകാരം തൊഴിൽ നികുതി(ട്രേഡേഴ്സ്) എന്ന ഹെഡ്ഡിൽ 772120/- രൂപ വരവ് കാണിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 738900/- രൂപയാണ് കളക്ഷൻ രേഖപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7.ഷെഡ്യൂൾ I-3 പ്രകാരം വാടക ഇനത്തിൽ 48144/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. വാടക രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ 35435/- രൂപയാണ്.

8. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 പ്രകാരം Property Tax On Residential Buildings (110100101) എന്ന ഹെഡ്ഡിൽ 2708878/- രൂപ വരവ് ഉണ്ട്. എന്നാൽ സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ തുയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ആവശ്യമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22589470 |
| ഓഡിറ്റ് വർഷത്തെ വരവ് | 81709784 |
| ആകെ | 104299254 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 76950698 |
| നീക്കിയിരിപ്പ് | 27348556 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 22839182 | 22839182 | 15156796 | 7682386 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 11112882 | 11112882 | 4279125 | 6833757 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്-റോഡ് | | 0 | 3275000 | 3275000 | 1687635 | 1587365 |
| മെയിന്റനൻസ്-നോൺ റോഡ് | | 0 | 5518000 | 5518000 | 4104259 | 1413741 |
| കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് | | 0 | 14202501 | 14202501 | 4735085 | 9467416 |
| കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്-പെർഫോർമൻസ് ഗ്രാന്റ് | | 0 | 966700 | 966700 | 345290 | 621410 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ജി.എസ് | ഭരണചെലവ് | 93160 | 1734137 | 1827297 | 1817678 | 9619 |
| | കൂലി | 0 | 24462244 | 24462244 | 24299084 | 163160 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ.സി.ഡി.എസ് | 811777 | 1303495 | 2115272 | 1000000 | 1115272 |
| | എം.പി.ഫണ്ട് | 235952 | 1207901 | 1443853 | 1199625 | 244228 |
| | ശുചിത്വ മിഷൻ | 1716232 | 0 | 0 | 0 | 1716232 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | MGNREGS 100 ദിവസം | 0 | 471000 | 471000 | 471000 | 0 |
| | ലൈഫ് ലോൺ | 0 | 320000 | 320000 | 320000 | 0 |
| | അഗതി-ആശ്രയഫണ്ട് | 0 | 587113 | 587113 | 587113 | 0 |
| | കേരളോത്സവം | 0 | 20000 | 20000 | 20000 | 0 |
| ജോയിൻറ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2007261 | 2883634 | 4890895 | 3376556 | 1514339 |
| | ജില്ലാ | 1555975 | 517000 | 2072975 | 1476546 | 596429 |

| | | | | | | |
|---|---|---|---|---|---|---|
| | പഞ്ചായത്ത് | | | | | |
| ബി ഫണ്ട് | | 0 | 196080 | 196080 | 196080 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 272599 | 18107665 | 18380264 | 14277099 | 4103165 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 15246816 | 25662964 | 40909780 | 24169521 | 16740259 |
| | ട്രഷറി അക്കൗണ്ട് | 272599 | 18155165 | 18427764 | 14324599 | 4103165 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 238 | 127 | 101 | 10 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 238 പ്രൊജക്ടുകൾക്കാണ് സാമ്പത്തികവർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 127 പ്രൊജക്ടുകൾക്കേ സാമ്പത്തിക വർഷത്തിൽ പൂർണമായി തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. 101 പ്രോജക്ടുകൾക്ക് ഭാകികമായേ തുക വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളൂ. സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി 131472534/- രൂപ വകയിരുത്തിയതിൽ 55461332/- രൂപ മാത്രമെ പ്രൊജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം വികസന ഫണ്ട്/മെയിന്റെനന്സ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണമായി വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ഐ.കെ.എം. ചെലവ് പത്രിക പ്രകാരമുള്ള വിശദവിവരം താഴെക്കൊടുക്കുന്നു.

| ഫണ്ടിനം | ഐ.കെ.എം. ചെലവ് പത്രിക പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| C.F.C.ഗ്രാന്റ് | 16041544 | 5080375 | 10961169 |
| മെയിന്റെനന്സ് ഗ്രാന്റ് നോൺ റോഡ് | 6254170 | 4104259 | 2149911 |
| മെയിന്റെനന്സ് ഗ്രാന്റ് റോഡ് | 3925000 | 1687635 | 2237365 |
| വികസന ഫണ്ട് ജനറൽ | 25927587 | 16083876 | 9843711 |
| വികസന ഫണ്ട് -SCP | 12211118 | 5063209 | 7147909 |
| ആകെ | 64359419 | 32019354 | 32340065 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 64359419/- രൂപയിൽ 32019354/- രൂപ വിനിയോഗിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും ലഭ്യമായ തുകയിൽ 32340065/- രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. എല്ലാ ഫണ്ടിനങ്ങളിലും പഞ്ചായത്തിന് ലഭ്യമായ മുഴുവൻ തുകയും വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട് എന്നത് പ്രത്യകം ശ്രദ്ധയിൽ കൊണ്ടുവരുന്നു. നിർവഹണ ഉദ്യോഗസ്ഥരിൽ അസി.എഞ്ചിനീയർ, സെക്രട്ടറി, എന്നിവരൊഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥർ പ്രൊജക്ടുകൾ ഭ്രരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. അസി. എഞ്ചിനീയർക്ക് ആകെ നടപ്പിലാക്കാനുണ്ടായിരുന്ന 159 പ്രോജക്ടുകളിൽ 68 പ്രൊജക്ടുകൾക്കാണ് തുക വിനിയോഗിച്ചിരിക്കുന്നത്. വ്യക്തമായ ഒരു മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയല്ല അസി. എഞ്ചിനീയർ മെയിന്റനൻസ് പ്രവർത്തികൾ നടപ്പിലാക്കിയത് എന്ന് കാണാം. സെക്രട്ടറിക്ക് നടപ്പിലാക്കാനുണ്ടായിരുന്ന 23 പ്രവർത്തികളിൽ 8എണ്ണം നടപ്പിലാക്കിയിട്ടില്ല. പ്രൊജക്ടുകൾക്ക് തുക വകയിരുത്തിയപ്പോൾ, തനത് ഫണ്ടിന്റെ ലഭ്യത പരിഗണിക്കാതെ തനത് ഫണ്ട് വകയിരുത്തിയത് മൂലം മറ്റ് ഫണ്ടുകൾ

വകമാറ്റപ്പെടുകയോ,അല്ലെങ്കിൽ തനത് ഫണ്ട് ചെലവഴിക്കാൻ പറ്റാത്ത അവസ്ഥയോ പഞ്ചായത്തിൽ നിലനിൽക്കുന്നു.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം, നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്യുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഒഴികെ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തികാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രൊജക്ടുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തലുകൾ നടത്തുന്നുണ്ട്. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും നടത്തുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ, പ്രൊജക്ട് ഫയൽ എന്നിവ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തികവർഷത്തിൽ പ്രൊജക്ടുനിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്.ചില വർക്കിംഗ് ഗ്രൂപ്പുകൾ നിശ്ചിത ക്വാറം ഇല്ലാതെയും യോഗം ചേർന്ന് തീരുമാനം കൈകൊണ്ടു കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകളിൽ ഭൂരിഭാഗവും യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗംചേർന്ന് യോഗമിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രൊജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-6 ക്ഷേമ പദ്ധതികൾ

പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 196080 | 165 |
| കർഷക തൊഴിലാളി പെൻഷൻ | 3166200 | 618 |
| വിധവാ പെൻഷൻ | 10029600 | 1827 |
| വാർദ്ധക്യകാല പെൻഷൻ | 14722800 | 2998 |
| വികലാംഗ പെൻഷൻ | 2469200 | 475 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 891600 | 160 |
| വിവാഹ ധനസഹായം | 0 | 0 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.1.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,44,925/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പ്രതിമാസ സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയുരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എല്ലാ ഫീൽഡ് ജീവനക്കാരുടെയും കളക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന്

മേലുദ്യോഗസ്ഥർ ഉറപ്പു വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സാക്ഷ്യപ്പെടുത്തുന്നില്ല. ബാങ്ക്, ടഷറി എകൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഡി.സി.ബി.രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്ററുകൾ കറ്റമറ്റമറ്റരീതിയിൽ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല.

വൗച്ചറുകൾ പ്രസിഡന്റ് പരിശോധിച്ച് ആധികാരികമാക്കുന്നുണ്ട്. മുൻകാല ഓഡിറ്ററിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യമായ നടപടികൾ ഉണ്ടായതായി കാണുന്നില്ല. റിപ്പോർട്ടുകൾക്ക് പ്രഥമമറുപടി സമർപ്പിക്കുന്നുണ്ടെങ്കിലും ഓഡിറ്ററിപ്പോർട്ടുകൾ തീർപ്പാക്കാൻ പിന്നീട് തുടർ നടപടികളൊന്നും കൈകൊണ്ടുകാണുന്നില്ല.

പഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി നികുതി/ നികുതിയേതരവരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ശക്തമായ ഇടപെടലുകൾ നടത്തുന്നുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൽ മുവുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവുചെലവുകണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ടരേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം ,ഡി&ഒ, ശുചിത്വം തുടങ്ങി മുനിസിപ്പാലിറ്റിയുടെ ചുമതലയിലുള്ള മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടുചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും,ആയതുകൊണ്ടുതന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രപോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചുനൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ കൃത്യമായി സൂക്ഷിച്ചു കാണുന്നില്ല.സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-9 പാർക്കിംഗ് സ്പേസ് ഒരുക്കാതെയും വശങ്ങളിൽ നിശ്ചിത അകലം പാലിക്കാതെയുമുള്ള അനധികൃത നിർമ്മാണം-സംബന്ധിച്ച്

ഫയൽ നമ്പർ-എ4/4314/18

പെരുവയൽ ഗ്രാമപഞ്ചായത്തിലെ 17 ാം വാർഡിൽ വെള്ളിപ്പറമ്പ്-പയ്യടിമീത്തൽ റോഡിൽ മാമ്പുഴ പാലത്തിനു സമീപം ഭാഗികമായി നിർമ്മിച്ച കെട്ടിടത്തിന് വാഹന പാർക്കിംഗ് കാണിക്കാതെ ഗ്രൗണ്ട് ഫ്ലോറിനു ചട്ടം ലംഘിച്ചു നമ്പർ അനുവദിച്ചത് സംബന്ധിച്ച ശ്രീ.കെ.സദാനന്ദൻ പയ്യടി മീത്തൽ എന്നിവർ 6.6.17 നു ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും 30.01.18 നു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്കും പരാതി നൽകിയിരുന്നു . പ്രസ്തുത കെട്ടിടം റോഡിൽ നിന്നും 1.50 മീ മാത്രമേ അകലം പാലിച്ചിട്ടുള്ളൂ എന്നും കെട്ടിടത്തിന്റെ സ്ലാബ് പ്ലാനിൽ നിർദ്ദേശിച്ച അളവിൽ നിന്ന് 1.20 മീറ്റർ മുൻഭാഗത്തേക്ക് തള്ളിയാണ് നിർമ്മിച്ചത് എന്നും പ്രസ്തുത കെട്ടിടത്തിലെ , C, Dനമ്പർ മുറികളുടെ മുൻഭാഗം മാമ്പുഴ തോടിന്റെ അതിർത്തിയിൽ നിന്ന് വെറും 75 സെ മീ വിട്ടാണ് നിർമ്മിച്ചത് എന്നും സ്ലാബ് 1.20 മീ മുൻപോട്ട തള്ളിയാണ് നിർമ്മിച്ചത് എന്നും 30.1.18 ലെ പരാതിയിൽ പറയുന്നു .

പ്രസ്തുത കെട്ടിടം ശ്രീമതി ആയിഷ ഉമ്മ , കരുമ്പയിൽ എന്നവരുടെ പേരിൽ നിർമ്മിച്ചതാണ് . ഈ കെട്ടിടത്തിലെ 161/ C, D, E, F, G, H, I ,J എന്നിവയിൽ C, D, E എന്നിവയുടെ ഉടമസ്ഥാവകാശം 2016 നവംബർ 26നു ഇന്ത്യൻ യൂനിയൻ മുസ്ലിം ലീഗിന് കൈമാറിയിട്ടുണ്ട് .

മേൽ പരാതി സംബന്ധിച്ച് എ.ഇ. യുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ റോഡുമായി ചേർന്ന സ്ഥലം കൃത്യമായി അതിരു കണക്കാക്കാൻ കഴിയാത്ത അവസ്ഥയായതിനാൽ കെട്ടിടം നിർമ്മിച്ചത് നിയമം ലംഘിച്ചാണോ എന്നറിയുന്നതിനു സർവ്വേക്ക് ശുപാർശ ചെയ്യുകയും ആയതു പ്രകാരം സർവ്വേ നടപടികൾ സ്വീകരിക്കുന്നതിന് താലൂക്ക് സർവ്വേ ഓഫീസർക്ക് കത്ത് നൽകുകയും ചെയ്തു. 15.10.18നു വിജിലൻസ് , താലൂക്ക് സർവേ വിഭാഗം എന്നിവർ പരിശോധന നടത്തിയതിൽ KPBR ചട്ടം 27, 38 ലംഘനം കണ്ടെത്തുകയും LSGD അസി. എഞ്ചിനീയറുടെ റിപ്പോർട്ട്

പ്രകാരം ശ്രീമതി.ആയിഷ ഉമ്മയ്ക്ക് 24.10.18 തിയ്യതിയിൽ നോട്ടീസ് നൽകുകയും പിന്നീട് 5.1.19 ന അന്തിമ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് പ്രസിഡണ്ടിന് 16.12.18 ന് നോട്ടീസ് നൽകുകയും 25.3.19 ന് അന്തിമ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

16.1.2020 ന ഡി.ഡി.പി യ്ക്ക് നൽകിയ കത്തിൽ പൊളിച്ച നീക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത നിർമാണം പൂർത്തീകരിച്ച സ്ഥിതിയിൽ തുടരുന്നതായും റിപ്പോർട്ട് ചെയ്യുകയും ആയതിനു 25.2.20ലെ ഡി.ഡി.പി നിർദ്ദേശ പ്രകാരം കക്ഷിയെ നേരിൽ കേൾക്കാൻ ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ 5.3.20ന് നേരിൽ കേൾക്കാൻ ശ്രീമതി.ആയിഷ ഉമ്മയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ സംബന്ധിച്ചു പ്രസ്തുത ഫയലിൽ വിവരങ്ങൾ ലഭ്യമല്ല .

13.1.22 നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം അതേ രീതിയിൽ നില നിൽക്കുന്നതായും ആയതിൽ ഒരു കടമുറി പ്രവർത്തിക്കുന്നതായും കണ്ടു. 5.3.20 നു ശേഷം നാളിതുവരെ അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നത് സംബന്ധിച്ച് യാതൊരു തുടർനടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല . അനധികൃത നിർമാണം അധികൃതമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (17/ 2019-20 തിയ്യതി 14.1.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.
2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതിനിർണ്ണയം സംബന്ധിച്ച നടപടികൾ സ്വീകരിക്കുകയോ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റി അധികൃതമാക്കുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 അരിയോറക്കുന്ന് സംരക്ഷണം-അനധികൃത നിർമ്മാണം സംബന്ധിച്ച്

പെരുവയൽ ഗ്രാമപഞ്ചായത്തിലെ അരിയോറക്കുന്ന്(നരിയോറക്കുന്ന് ) ൽ മലബാർ ഗ്രൂപ്പിന്റെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തുന്നതിന് വേണ്ട നടപടികൾ എടുക്കാത്തത് സംബന്ധിച്ച് ശ്രീ.വിശ്വനാഥൻ.കെ, ചെയർമാൻ, നരിയോറക്കുന്ന് പരിസ്ഥിതി സംരക്ഷണ സമിതി 23.9.19 ന് പരാതി സമർപ്പിച്ചിരുന്നു. പ്രസ്തുത പരാതി പ്രകാരം മലബാർ ഗ്രൂപ്പിന്റെ കോർപ്പറേറ്റ് ഓഫീസുകളും, വില്ലകളും, അപ്പാർട്ട്മെന്റുകളും മറ്റ് അനുബന്ധ കെട്ടിടങ്ങളും നിർമ്മിക്കുന്നതിനായി മൊന്റാന എസ്റ്റേറ്റ് എന്ന പേരിൽ പ്രവർത്തനം തുടങ്ങി ചില കെട്ടിടങ്ങളുടെ ഉദ്ഘാടനവും മറ്റും നടത്തുകയും ചെയ്തിട്ടുണ്ട് എന്നും പരാതിയിൽ വ്യക്തമാക്കി.

വിവരാവകാശ നിയമപ്രകാരവും ,നിയമവിദഗ്ദരുമായി അന്വേഷിച്ചതിലും പ്രസ്തുത കെട്ടിടങ്ങൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുള്ളത് ശരിയായ ചട്ടങ്ങളും നിയമങ്ങളും അനുസരിച്ചല്ല എന്നും തുടർന്നും നിയമവിരുദ്ധമായ രീതിയിൽ കെട്ടിടങ്ങൾക്കുള്ള അനുമതി പത്രങ്ങൾ ലഭിക്കുന്നതിനായി അപേക്ഷകൾ നൽകിയിട്ടുള്ളതായും പരാതിയിൽ പറയുന്നു. സമുദ്രനിരപ്പിൽ നിന്നും 800 അടിയിലേറെ ഉയരമുള്ളതും, പരിസ്ഥിതി ലോല പ്രദേശവും, ചെങ്കുത്തായതും, റബ്ബർ എസ്റ്റേറ്റുകൾ ഉൾപ്പെടുന്നതും വൻ വൃക്ഷങ്ങൾ ഉള്ളതുമായ പ്രസ്തുത മലയിൽ വൻകിട നിർമ്മാണങ്ങൾ നടത്തുന്നതിന് മുൻപായി പരിസ്ഥിതി ആഘാത പഠനങ്ങളോ , ജിയോളജി വകുപ്പിന്റെ അനുമതിയോ , മണ്ണ് പരിശോധനാ വകുപ്പിന്റെയോ, മലിനീകരണ ബോർഡിന്റെയോ അനുമതിയും കിട്ടിയിട്ടില്ല എന്നും 25 ഡിഗ്രിയിലേറെ ചെരിവുള്ള പ്രദേശങ്ങളിൽ വൻകിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തരുത് , അഥവാ അത്തരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ പരിസ്ഥിതി, ജിയോളജി, ഭൂജല വകുപ്പ്, മലിനീകരണ വകുപ്പ്,വനം, ഫയർ സർവ്വീസ് തുടങ്ങിയ വകുപ്പുകളുടെ വിശദമായ പഠനവും അവരുടെ അനുമതിയും ആവശ്യമായിരിക്കെ ഇത്തരം രേഖകൾ ഒന്നും കൃത്യമായി ഇല്ലാതെ കെട്ടിടങ്ങൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുള്ളത് തികച്ചും തെറ്റാണെന്നും ഈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടർന്നും അനുമതി നൽകരുതെന്നും നിയമ വിരുദ്ധമായ രീതിയിൽ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയത് പുന:പരിശോധിച്ച് നിയമനടപടികൾ സ്വീകരിക്കണമെന്നും തുടർന്ന് മലയുടെ മുകളിൽ കൂടുതൽ മണ്ണിടിച്ച് വൻ കെട്ടിടങ്ങൾ നിർമ്മിച്ചാൽ ആയത് താഴ്വാരത്തുള്ള ജനങ്ങളുടെ ജീവനും സ്വത്തിനും വൻ നാശം വരുത്തുമെന്നും ആയതിനാൽ ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടയിടണമെന്നും പരാതിക്കാരൻ അപേക്ഷിച്ചിട്ടുണ്ട്.

മേൽ പരാതിയുടെ അടിസ്ഥാനത്തിൽ അസി. എഞ്ചിനീയർ നടത്തിയ സ്ഥലപരിശോധനയിൽ അനധികൃതമായി Cattle Farm ന് വേണ്ടി ഷെഡ് നിർമ്മാണം നടത്തുന്നതായും , ഈ പ്രദേശത്തെ ഒരു ഭാഗത്ത് നിന്നുമുള്ള നീരുറവ മണ്ണ് കൊണ്ട് തടയണ നിർമ്മിച്ച് സംഭരണം നടത്തുന്നതായും ഇതിൽ നിന്നും പൈപ്പുകൾ താഴെ ഭാഗത്തേക്ക് വെള്ളം ഒഴുകിപോകുന്നതിനായി ഇട്ടിരിക്കുന്നത് കാണാൻ സാധിച്ചു എന്നും ഇത് പാരിസ്ഥിതിക ആഘാതം സൃഷ്ടിക്കുമോ എന്നത് പഠനം നടത്തിയാലേ അറിയാൻ സാധിക്കുകയുള്ളു എന്നും റിപ്പോർട്ട് ചെയ്തു. മറ്റ് അനധികൃത നിർമാണങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല എന്നിരുന്നാലും മലബാർ ഗ്രൂപ്പിന് നാളിതുവരെ അനുവദിച്ച പെർമിറ്റ് രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ് എന്നും അസി. എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട് .

2012 ലെ കെ.പി.ആർ (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 6 ന്റെ

ലംഘനമായതിനാൽ അനധികൃത നിർമ്മാണം നിർത്തി വച്ച് പൊളിച്ചു നീക്കുന്നതിന് 9.10.19 ലെ നമ്പർ എ4.7531/19 നമ്പറായി സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

ഇതിനു മലബാർ ഡെവലപ്പേർസ് സമർപ്പിച്ച 21.10.19ലെ മറുപടി പ്രകാരം 14.11.18നു സുമാർ 906.20 M2 വിസ്തൃതിയിൽ ഒരു താൽക്കാലിക കെട്ടിടം പണിയുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും എന്നാൽ 9.10.19 ലെ നോട്ടീസ് പ്രകാരം മാത്രമാണ് കെ.പി.ആർ(ലൈഫ് സ്റ്റോക്ക് ഫാർമകൾക്കു ലൈസൻസ് നൽകൽ) ചട്ടങ്ങൾക്കനുസരിച്ചാണ് അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നത് എന്ന് മനസിലാക്കുന്നതെന്നും ആയതിനാൽ പുതിയ അപേക്ഷ സമർപ്പിക്കാൻ ആവശ്യമായ സമയം അനുവദിച്ചു തരേണ്ടതാണെന്നും നോട്ടീസ് ഉത്തരവിന്മേൽ തുടർനടപടികൾ എടുക്കുന്നത് ഒഴിവാക്കി തരണമെന്നും അപേക്ഷിച്ചിട്ടുണ്ട് .

23.9.19ലെ പരാതി സംബന്ധിച്ചു 29.10.19നു ഭരണ സമിതി യോഗം ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 5.12.19നു മൊണ്ടാന എസ്റ്റേറ്റിലെ നിർമ്മാണ പ്രവർത്തനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് എ.ഇ ,നിർമ്മാണാനുമതി റദ്ദ് ചെയ്യുന്നത് സംബന്ധിച്ചു നിയമോപദേശത്തിന് അഡ്വക്കേറ്റ് പി. എം ഖാലിദ് , നിർമ്മാണ പ്രവർത്തനങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കൃഷി ഓഫിസർ , കെട്ടിടം നിർമിക്കുന്നതിനായി ഭൂമി തരം മാറ്റിയിട്ടുണ്ടോ എന്ന് മറുപടി ലഭ്യമാക്കാൻ വില്ലജ് ഓഫീസർ(26.11.19) എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ചു വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മേൽ വിഷയം സംബന്ധിച്ചു 29.10.19 ന് ഭരണ സമിതി കൈക്കൊണ്ട തീരുമാനം നടപ്പിലാക്കുന്നതിനായി യാതൊരു തുടർനടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 5.12.19 ന് നൽകിയ കത്തുകളുടെ മറുപടി നാളിതു വരെ ലഭ്യമായിട്ടില്ല . മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ വീണ്ടും കത്ത് നല്കുന്നതിനോ പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച തുടർ ചർച്ചകളോ തുടർ അന്വേഷണങ്ങളോ നടത്തുന്നതിനോ പരാതിയിൽ ഉന്നയിച്ച കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനോ ഉള്ള യാതൊരു ശ്രമവും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല . പ്രകൃതി ദുരന്തങ്ങൾ തുടർക്കഥയാകുന്ന ഈ കാലഘട്ടത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ട വിഷയത്തിന് 5.12.19നു ശേഷം യാതൊരു നടപടിയും സ്വീകരിക്കാത്തതിന് മറുപടി നൽകേണ്ടതാണ് .

9.2.21 ന് ശ്രീ.വിശ്വനാഥൻ ഹൈക്കോടതിയിൽ Wp(c) 3565/21നമ്പറായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇതിൽ സി ഡബ്ല്യു ആർ ഡി എം, ഡിസാസ്റ്റർ മാനേജ്മെന്റ്, മണ്ണ് സംരക്ഷണ ഓഫീസർ എന്നിവർ കലക്ടർക്ക് നൽകിയ റിപ്പോർട്ട് ഉൾക്കൊള്ളിച്ചിട്ടുണ്ട്.

12.1.22 ന് നടത്തിയ സ്ഥലപരിശോധനയിൽ. പണി പൂർത്തീകരിക്കാത്ത Cattle Farm ന് വേണ്ട ഷെഡ്, പാക്കിംഗ് യൂണിറ്റും കൂടാതെ പണി പൂർത്തീകരിച്ച ലേബേർസ് ഷെഡ് എന്നിവയും കണ്ടു. എന്നാൽ അനധികൃത കെട്ടിടം പൊളിച്ചു മാറ്റുകയോ പെർമിറ്റിനുള്ള പുതുക്കിയ അപേക്ഷ നൽകുകയോ ചെയ്തതായി കാണുന്നില്ല. ഇത്തരത്തിൽ പെർമിറ്റ് എടുക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതും ആയതിന്മേൽ നടപടി സ്വീകരിക്കാത്തതും അംഗീകരിക്കാവുന്നതല്ല.
അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/ 2019-20 തിയ്യതി 14.1.22) മറുപടി ലഭ്യമാക്കിയിട്ടില്ല.
2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനധികൃത നിർമ്മാണം സംബന്ധിച്ച് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 പട്ടികജാതി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ -സെന്റേജ് ചാർജ്ജ് അധിക നിരക്കിൽ ഈടാക്കി,പ്രവൃത്തി പൂർത്തീകരിച്ചില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 25/20 | |
| വകയിരുത്തിയ തുക | 710522(വികസന ഫണ്ട്.എസ്.സി.പി) | |
| ചെലവ് തുക | 400000+ 310522=710522 | ബിൽ നംപർ 238/19-2-20,239 /19-2-20 |

പഞ്ചായത്ത് പരിധിയിലെ 9 എസ് സി കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യം വെക്കുന്നത്. ഇതിനായി 710522 രൂപയുടെ എസ്റ്റിമേറ്റ് കോഴിക്കോട് പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗം തയ്യാറാക്കി നൽകിയിട്ടുണ്ട്. ആയതു പ്രകാരം 9 സോളാർ സ്ട്രീറ്റ് ലൈറ്റും അതിന്റെ പോളുകളും സ്ഥാപിക്കുന്നതിനായി 631575 രൂപയും 12.5% സെന്റേജ് ചാർജ്ജായ 78947 രൂപയും ഉൾപ്പെടെ 710522 രൂപ പി.ഡബ്ല്യു.ഡിയിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തു.

പ്രവൃത്തി നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. പി.ഡബ്ല്യു.ഡി. മാന്വൽ ഖണ്ഡിക 1601.4 പ്രകാരവും 17.01.2018 ലെ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം 4.76 പ്രകാരവും എസ്റ്റിമേറ്റ് , പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള 2.5 ശതമാനം സെന്റേജ് ചാർജ്ജ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്ന് ഈടാക്കാൻ പാടില്ല.
2. സ.ഉ.(കൈ) നം.2018/ത.സ്വ.ഭ.വ തീയ്യതി.29-1-18 ഖ.11.2 (ഡി) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ. എന്നാൽ ഈ പ്രവൃത്തിക്ക് തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ പഞ്ചായത്ത് പി.ഡബ്ല്യു.ഡിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.
3. മേൽ ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.എന്നാൽ അപ്രകാരം പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിച്ചതായ വിവരങ്ങൾ ഫയൽ പ്രകാരം ലഭ്യമല്ല. പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (3/13-1-22) മറുപടി ലഭ്യമാക്കിയിട്ടില്ല. സെന്റേജ് ചാർജ്ജിനത്തിൽ 10 ശതമാനത്തിൽ അധികമായി അടച്ച തുക പി.ഡബ്ല്യു.ഡി യിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ 710522 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-12 വിദ്യാലയ റേഡിയോ - നൂതനവും മാതൃകാപരവുമായ പ്രോജക്ട് - ഉദ്ഘാടനം കഴിഞ്ഞിട്ടും ഉപേക്ഷിക്കപ്പെട്ട നിലയിൽ

പ്രൊജക്ട് നം. 85/20

വകയിരുത്തിയ തുക - 150000( തനത് ഫണ്ട് )

ചെലവഴിച്ച തുക -53079 ചെക്ക് നമ്പർ - 1856144/19.12.2019

നിർവ്വഹണം - ഹെഡ് മിസ്ട്രസ്സ്

പ്രൊജക്ടിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും താഴെ കൊടുക്കുന്നു. ഗ്രാമപഞ്ചായത്തിലെ ഒരു സർക്കാർ പ്രൈമറി സ്കൂളിൽ ഒരു ക്ലാസ് മുറി ഓഡിയോ സ്റ്റുഡിയോ ആയി സജ്ജീകരിക്കുന്നു. ഇതുപയോഗിച്ച് ആഴ്ചയിൽ ഒരിക്കൽ പഞ്ചായത്തിലെ ഒരു സ്കൂളിലെ വിദ്യാർത്ഥികൾ 30 മിനിട്ട് ദൈർഘ്യമുള്ള വിവിധപരിപാടികൾ അവതരിപ്പിച്ചിരുന്നു. ഇത് തൽസമയം പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും സംപ്രേക്ഷണം ചെയ്യുന്നു. പിന്നീട് യുട്യൂബ് വഴിയും വാട്സാപ്പ് വഴിയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിന് ഓരോ സ്കൂളിലും ആവശ്യമായ സൗകര്യങ്ങൾ അതത് സ്കൂൾ പി.ടി.എ. ഒരുക്കും. വിവിധ ദിനാചരണങ്ങളുടെ വിവരണങ്ങളും റേഡിയൊ വഴി വിദ്യാർത്ഥികളിലെത്തിക്കും. ഇതിന് പ്രത്യേകം സമയം കണ്ടെത്തും. ഇതിനാവശ്യമായ കമ്പ്യൂട്ടർ, മൈക്ക്, യു.പി.എസ്. എയർ കണ്ടീഷണർ, അനുബന്ധ സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിനാണ് മേൽ തുക വകയിരുത്തിയത്.

2019-20 ൽ ചെറുകുളത്തൂർ ജി.എൽ.പി. സ്കൂളിലെ ഒരു മുറി സ്റ്റുഡിയോ ആയി സജ്ജീകരിക്കുന്നതിന് സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ കെൽട്രോണിൽ നിന്നും 5 വർഷ വാറണ്ടിയോടു കൂടിയ ഒരു ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്. 19.12.19 ന് പണം നൽകിയെങ്കിലും 24.6.2020 നാണ് കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭിച്ചത്. 2020-21 ൽ 291/22 സ്പിൽ ഓവർ പ്രൊജക്ട് പ്രകാരം 12635 രൂപ തനത് ഫണ്ടുപയോഗിച്ച് (ചെക്ക് നം. 40109100115503/31-3-20 ) കൂട്ടേഷൻ മുഖേന താഴെ കൊടുത്തിരിക്കുന്ന സാധനങ്ങൾ കൂടി വാങ്ങിയിട്ടുണ്ട്. ഈ പ്രോജക്ടിന് ആകെ 65714 രൂപയാണ് (53079+12635) ഇതുവരെ ചെലവഴിച്ചത്.

| ഇനം | വില |
|---|---|
| യു.പി.എസ് - വി ഗാർഡ് | 3176.40 |
| സ്പീക്കർ | 3268.90 |
| ഹെഡ് സെറ്റ് - എച്ച്.പി. | 747.89 |
| മൈക്ക് | 3500.00 |
| മൈക്ക് സ്റ്റാൻഡ് | 575.00 |
| ജി.എസ്.ടി,ഫ്ളഡ് സെസ്സ് | 1367.00 |
| | 12635.00 |

ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. 30.11.2019 ലെ പഞ്ചായത്ത് ഭരണസമിതിയുടെ 1/1 തീരുമാന പ്രകാരം വിദ്യാലയ റേഡിയോ പദ്ധതിയ്ക്ക് പി. ഡബ്ലിയു.ഡി. ഇലക്ട്രോണിക്സ് വിങ്ങിൽ നിന്നും സ്റ്റുഡിയോ സജ്ജീകരിക്കുന്നതിന്റെ ഭാഗമായുള്ള ഉപകരണങ്ങൾ സംബന്ധിച്ച നിർദ്ദേശം സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പ്രകാരം പി.ഡബ്ല്യു.ഡി.യിൽ നിന്നും നിർദ്ദേശം സ്വീകരിച്ച് ആയതിനനുസരിച്ച് ഉപകരണങ്ങൾ വാങ്ങിയതായി കണ്ടില്ല.

2. 23.06.2020 ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1(2) തീരുമാന പ്രകാരം സ്റ്റുഡിയോ സജ്ജീകരിക്കുന്നതിനായി ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനും, വെബ്സൈറ്റ് വഴി സംപ്രേക്ഷണം ചെയ്യുന്നതിനും സ്ഥാപനത്തെ തെരഞ്ഞെടുത്ത് പോസ്റ്റിംഗ് നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപ്രകാരം ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനും, വെബ്സൈറ്റ് വഴി സംപ്രേക്ഷണം ചെയ്യുന്നതിനുമുള്ള സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെയോ, പ്രസ്തുത പ്രവൃത്തികൾ നടത്തിയതിന്റെയോ രേഖകൾ ലഭ്യമല്ല.

3. 05.11.2020 ന് ബഹു. കേരള വിദ്യാഭ്യാസ മന്ത്രി ശ്രീ. രവീന്ദ്രനാഥ് തികച്ചും നൂതനവും മാതൃകാപരവുമായ വിദ്യാലയ റേഡിയോ പദ്ധതി ഉദ്ഘാടനം ചെയ്തെങ്കിലും തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

12.01.2022 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ ചെറുകുളത്തൂർ ജി.എൽ.പി. സ്കൂളിലെ ഒരു മുറിയിൽ പ്രൊജക്ട് മുഖേന വാങ്ങിയ ഡെസ്ക് ടോപ്പ്, മൈക്ക്, മൈക്ക് സ്റ്റാന്റ്, ഹെഡ് സെറ്റ്, സ്പീക്കർ എന്നിവയും സ്കൂളിന്റെ തന്നെ പ്രൊജക്ടർ, മറ്റൊരു ഡെസ്ക് ടോപ്പ്, യു.പി.എസ്. എന്നിവയും 2 മേശകളിലായി തയ്യാറാക്കി ഒരു സ്റ്റുഡിയോ സജ്ജീകരിച്ചതായി കണ്ടു. പ്രൊജക്ടിൽ വിവരിച്ച രീതിയിൽ എയർ കണ്ടീഷൻ നടത്തി പ്രത്യേകമായ രീതിയിൽ സ്റ്റുഡിയോ ഒരുക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥയുമായി സംസാരിച്ചതിൽ ഇതിന്റെ ഉദ്ഘാടന ശേഷം ചെറുകുളത്തൂർ ജി.എൽ.പി. സ്കൂളിലെ തന്നെ വിദ്യാർത്ഥികൾ അവതരിപ്പിച്ച 15 മിനിട്ട് ദൈർഘ്യമുള്ള ഒരു പരിപാടി മാത്രമേ ഇതുവരെ സംപ്രേക്ഷണം ചെയ്തിട്ടുള്ളൂ എന്നറിയാൻ കഴിഞ്ഞു.

18.01.2021 ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1(5) തീരുമാന പ്രകാരം വിദ്യാലയ റേഡിയോയുടെ തുടർ പ്രവർത്തനം നടത്താൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇതുവരെ യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല.

വിദ്യാർത്ഥികളുടെ കലാപരമായ മികവും സർഗ്ഗാത്മകതയും വികസിപ്പിക്കുന്നതിനായി ആവിഷ്കരിച്ച നൂതന പ്രൊജക്ട് പുനരുജ്ജീവിപ്പിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/14-1-22) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ടിന്റെ ഉദ്ദേശ്യങ്ങളും ആർജ്ജിച്ച നേട്ടങ്ങളും അവലോകനം ചെയ്ത് പ്രൊജക്ട് പുനരുജ്ജീവിപ്പിക്കാനും ഇത്തരം മാതൃകാ പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 ബയോ ഗ്യാസ് പ്ലാന്റ് - ഗാർഹികം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പ്രൊജക്ട് നം. - 181/2020

വകയിരുത്തിയ തുക – 800000(വികസന ഫണ്ട്)

- 880000(ഗ്രണഭോക്തൃവിഹിതം)

1680000

ചെലവഴിച്ച തുക - 130000 (വികസന ഫണ്ട് ) ബിൽ നം. 1/30.04.2019

143000 (ഗ്രണഭോക്തൃവിഹിതം) ചെ.നം. 5691536/21.03.2020

273000

==========

നിർവ്വഹണം - വി.ഇ.ഒ.

പ്രൊജക്ട് മുഖേന ഗ്രാമപഞ്ചായത്തുകളിലെ വിവിധ വാർഡുകളിലെ 26 വീടുകളിലെ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിന് വേണ്ടി 0.5 ക്യുബിക് മീറ്റർ ശേഷിയുള്ള വാട്ടർ ജാക്കറ്റോടു കൂടിയ ബയോഗ്യാസ് പ്ലാന്റുകൾ ഐ.ആർ.ടി.സി. ഇംപ്ലിമെന്റേഷൻ യൂണിറ്റ് മുഖേന സ്ഥാപിച്ചിട്ടുണ്ട്. 10500 രൂപ യൂണിറ്റ് കൊസ്റ്റുള്ള പ്ലാന്റിന് 5000 രൂപ സബ്സിഡിയും 5500 രൂപ ഗ്രണഭോക്തൃവിഹിതവുമാണ് ചെലവഴിച്ചത്. 06.09.2019, 07.09.2019, 08.09.2019 എന്നീ തിയ്യതികളിലായാണ് 26 വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് ഐ.ആർ.ടി.സി. ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് നൽകിയത്.

12.01.2022 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ വാർഡ്- 11 ലെ സുലൈമാൻ.പി.പി, പൂളക്കാം പൊയിൽ, വാർഡ്- 13 ലെ ശ്രീമതി, അച്ചം വീട്ടിൽ എന്നിവരുടെ വീടുകളിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകൾ സന്ദർശിച്ചു. നിലവിൽ രണ്ടു വീടുകളിലും പ്ലാന്റ് ഉപയോഗിക്കുന്നില്ല. ആദ്യ ഒന്നര മാസത്തോളം ചെറിയ തോതിൽ പ്ലാന്റിൽ നിന്നും ഗ്യാസ് ലഭിക്കാറുണ്ടായിരുന്നുവെന്നും പിന്നീട് ഗ്യാസ് ലഭിക്കുന്നില്ലെന്ന് പരാതിപ്പെട്ടപ്പോൾ

ഏജൻസി വന്ന് തുടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും ശ്രീമതി എന്ന ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്. ആദ്യ കുറച്ചു ദിവസങ്ങളിൽ മാത്രമേ ഗ്യാസ് ലഭിച്ചിട്ടുള്ളൂ എന്നും പിന്നീട് ഉപയോഗിച്ചപ്പോൾ ഗ്യാസ് കുറഞ്ഞ അളവിൽ മാത്രമേ ലഭിക്കുന്നുള്ളൂ എന്നതിനാൽ പ്ലാന്റ് ഉപയോഗിക്കാതെ മാറ്റി വെച്ചതാണെന്ന് ഗുണഭോക്താക്കൾ ഓഡിറ്റിനോട് വിശദീകരിച്ചു.

26.11.2018 ന് ഗ്രാമപഞ്ചായത്തുമായി ഐ.ആർ.ടി.സി. ഉണ്ടാക്കിയ കരാർ പ്രകാരം പ്ലാന്റ് സ്ഥാപിച്ച ശേഷം ഒരു വർഷത്തേക്കുള്ള തുടർ സേവനം ഐ.ആർ.ടി.സി.- പ്രോജക്ട് ഇംപ്ളിമെന്റ് യൂണിറ്റ് നൽകുന്നതായിരിക്കുമെന്നും പ്രവർത്തന കാലയളവിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനോ ലക്ഷ്യപ്രാപ്തി ത്വരിതപ്പെടുത്തുന്നതിനോ എഗ്രിമെന്റ് വ്യവസ്ഥാകൾക്കതീതമായി ഏതെങ്കിലും പ്രവൃത്തിയോ ഇടപെടലോ വേണ്ടി വന്നാൽ ആയത് ഇരുകൂട്ടരും പരസ്പരം ചർച്ച ചെയ്ത് ഭരണസമിതിയുടെ അനുമതിയോടെ തീരുമാനിച്ച് നിറവേറ്റുന്നതാണ് എന്നും എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്യുന്നു. 16.11.2019 ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1(3) തീരുമാനപ്രകാരം ഐ.ആർ.ടി.സി. സ്ഥാപിച്ച ഗാർഹിക ബയോഗ്യാസ് പ്ലാന്റ് ഉപയോഗശൂന്യമായത് പരിഹരിക്കുന്നതിന് ഐ.ആർ.ടി.സി.യോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചിട്ടുണ്ട്. മേൽ പറഞ്ഞിരിക്കുന്ന 26 ഗാർഹിക ഉടമകളുടെയും ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിച്ച്, എത്രയെണ്ണം പ്രവർത്തനക്ഷമമല്ല എന്ന് വിലയിരുത്തി, ആയത് ഉപയോഗപ്രദമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (9/14-1-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് നിർദ്ദേശപ്രകാരം ബയോഗ്യാസ് പ്ളാന്റുകൾ പ്രവർത്തനക്ഷമമാക്കി അറിയിക്കേണ്ടതാണ്.

## 1-14 ഭവന നിർമ്മാണത്തിന് അഡ്വാൻസ് കൈപ്പറ്റിയ ശേഷം ഗുണഭോക്താവ് സ്ഥലം വിറ്റ - തുക തിരികെ ഈടാക്കിയില്ല.

ലൈഫ് ഭവന പദ്ധതിയുടെ ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ ഭവന പദ്ധതിയുടെ ഫേസ്- 2 ലെ ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി. ഷീലാ ഗ്രേസിന് 13.09.2018 ന് ആദ്യ ഗഡുവായി 40,000 രൂപ വീട് നിർമ്മാണത്തിന് 2018-19 വർഷം മുൻകൂർ നൽകിയിട്ടുണ്ട്. ടിയാരിയുടെ പേരിൽ 14-ാം വാർഡിലെ കുറ്റിക്കാട്ടുരുള്ള 5 $^{3}/_{4}$ സെന്റ് സ്ഥലത്താണ് ഭവനനിർമ്മാണം നടത്താനുദ്ദേശിച്ചത്. ഭവനപദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചപ്പോൾ ഓഡിറ്റ് തിയ്യതി വരെയും ഭവന നിർമ്മാണം പൂർത്തിയാക്കി തുടർ ഗഡുക്കൾ കൈപ്പറ്റിയതായി കണ്ടില്ല. ഗുണഭോക്താവ് പഞ്ചായത്തിലുള്ള തന്റെ സ്ഥലം വിറ്റ് ഇവിടെ നിന്നും പോയി എന്നാണ് വി.ഇ.ഒ. ഓഡിറ്റിനോട് വിശദീകരിച്ചത്. 06.12.2021 ലെ ഭരണസമിതിയുടെ 8 (2) തീരുമാന പ്രകാരം 10.09.2018 ന് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട് 13.09.2018 ന് ടിയാൾക്ക് 40,000/- രൂപ അഡ്വാൻസായി നൽകിയിട്ടുണ്ടെന്നും നിരവധി തവണ നേരിട്ടും വാർഡ് മെമ്പർ മുഖേനയും ബന്ധപ്പെട്ടുവെങ്കിലും ടിയാൾ വീട് നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥയായ വി.ഇ.ഒ. റിപ്പോർട്ട് ചെയ്തിട്ടുള്ളത് വിലയിരുത്തി. തുടർന്ന് അടിയന്തിരമായി ഗുണഭോക്താവിനെ പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ നേരിൽ കേട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (5/13-1-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ടിയാളിൽ നിന്നും അഡ്വാൻസ് ആയി നൽകിയ തുക ഇതുവരെയുള്ള കാലയളവിലേക്ക് 18% പലിശ ഉൾപ്പെടെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-15 പാർപ്പിടകെട്ടിടത്തിൽ എഫ്.ടി.ഇ&ഒ.എസ്- ലൈസൻസ് ഇല്ലാതെ ഫർണ്ണിച്ചർ കട പ്രവർത്തിക്കുന്നു

പെരുവയൽ ഗ്രാമപഞ്ചായത്തിലെ 14 ാം വാർഡിൽ കുറ്റിക്കാട്ടൂരിനടുത്ത് റിലാക്സ് ഫർണിച്ചർ എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനം നാഷണൽ ഹൈവേയുടെ അടുത്തുള്ള ഒരു രണ്ട് നില ടെറസ് വീട്ടിലാണ് (14/80) പ്രവർത്തിക്കുന്നത്. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഹെൽത്ത് ഇൻസ്പെക്ടർ നടത്തിയ പരിശോധനയിൽ ഈ സ്ഥാപനം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതാണെന്ന് ബോദ്ധ്യപ്പെട്ടു. കൂടാതെ വാർഡ് ക്ലർക്ക് നടത്തിയ അന്വേഷണത്തിലും ഇത് ഉറപ്പ് വരുത്തുകയും ഫയൽ നം.എസ്.സി.3/324 തിയ്യതി 14.1.22 ആയി റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. 14/80 നമ്പർ കെട്ടിടം സഞ്ചയ പ്രകാരം സുലോചന അമൃതപുരി എന്നവരുടെ ഉടമസ്ഥതയിലുള്ള പാർപ്പിടാവശ്യത്തിനുള്ള താഴത്തെ നില മാത്രമുള്ള ഓടിട്ട കെട്ടിടമാണ്. പ്രസ്തുത കെട്ടിടം ടെറസ് കെട്ടിടമായി മാറ്റിയിട്ടുണ്ടെങ്കിലും ആയതിന്റെ ഫയൽ പഞ്ചായത്തിൽ ലഭ്യമല്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഇഷ്യു ഓഫ് ലൈസൻസ് ടു ഫാക്ടറീസ്, ട്രേഡ്സ് .എൻട്രിപ്രൂണർഷിപ്പ് ആക്ടിവിറ്റീസ് ആന്റ് അതർ സർവ്വീസസ്) ചട്ടം 5 പ്രകാരം 1ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിനുള്ള ലൈസൻസിന് വേണ്ടി പരസ്യം പ്രസിദ്ധപ്പെടുത്തി മുപ്പത് ദിവസത്തിനകം സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്

പാലിക്കപ്പെട്ടിട്ടില്ല. മാത്രമല്ല 2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം, കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ, 4 ാം ചട്ടത്തിൽ പരാമർശിക്കുന്ന ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു രൂപമാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും അതോടൊപ്പം 11 ാം ചട്ടപ്രകാരമുള്ള ഒരു പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ,4 പ്രകാരം കെട്ടിട ഉടമ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കാതിരിക്കുന്ന സംഗതിയിലും വാസ്തവ വിരുദ്ധമോ തെറ്റുദ്ധരിക്കപ്പെടുന്നതോ ആയ വിവരങ്ങൾ അടങ്ങിയ റിട്ടേൺ സമർപ്പിക്കുന്ന സംഗതിയിലും, സെക്രട്ടറി 12ാം ചട്ടപ്രകാരമുള്ള നടപടിക്രമം പാലിച്ചുകൊണ്ട് കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഈ നടപടിക്രമങ്ങളൊന്നും പാലിക്കപ്പെട്ടിട്ടില്ല.

സ്ഥാപന ഉടമ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതും പാർപ്പിടം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നത് അനുവദനീയമല്ല. കെട്ടിടം ഉപയോഗക്രമം മാറ്റം വരുത്താതെയും സ്ഥാപനം ലൈസൻസ് ഇല്ലാതെയും പ്രവർത്തിക്കുന്നതിന് മറുപടി നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/ 2019-20 തിയ്യതി 14.1.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിൽൽ ഉൾപ്പെട്ട കെട്ടിട വിശദാംശങ്ങളിൽ നിന്നും വ്യത്യസ്തമായ ഈ കെട്ടിടം ഏത് കാലയളവിൽ നിർമ്മിക്കപ്പെട്ടതാണെന്ന് പരിശോധിക്കേണ്ടതും അനധികൃതമായി നിർമ്മിച്ചതാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ ഫീൽഡ് തല പരിശോധനകൾ കാര്യക്ഷമമായി നടക്കുന്നില്ലെന്നതിന് ഉദാഹരണമാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം.
മേൽ കെട്ടിടത്തിന് നികുതി പുനർനിർണ്ണയിക്കേണ്ടതും ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനും ലൈസൻസ് ഫീസ് ഈടാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 അങ്കണവാടി നിർമ്മാണത്തിനും നവീകരണത്തിനുമായുള്ള ഡെപ്പോസിറ്റ് - വർഷങ്ങളായിട്ടും പ്രവൃത്തി പൂർത്തീകരിച്ചില്ല.

സാമൂഹ്യനീതി വകുപ്പ് 60 ശതമാനം തുകയും 40 ശതമാനം തുക ഗ്രാമപഞ്ചായത്ത് ഫണ്ടുമുപയോഗിച്ച് 2017-18 വർഷം സെക്രട്ടറി നടപ്പിലാക്കിയ 151/18, 152/18 എന്നീ പ്രൊജക്ടുകൾ മുഖേന ഒരു അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനും 14 അങ്കണവാടികൾ നവീകരിക്കുന്നതിനുമായി യഥാക്രമം 5,80,000 രൂപയും 5,60,000 രൂപയും ഉൾപ്പടെ 11,40,000 രൂപ പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. (2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-16 കണ്ടാലും) 25.11.2019 ലെ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 52 (1) തീരുമാന പ്രകാരം 14 അങ്കണവാടികളുടെ നവീകരണത്തിനും പി.ഡബ്ല്യു.ഡി. വകുപ്പ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും സാമൂഹിക നീതി വകുപ്പിന്റെ വിഹിതം പി.ഡബ്ല്യു.ഡി. വകുപ്പിന് കൈമാറിയതിന്റെ വിശദാംശം ഗ്രാമപഞ്ചായത്തിന് ലഭ്യമല്ല എന്നും വ്യക്തമാക്കുന്നു.

പ്രസ്തുത തീരുമാനത്തിന് ശേഷം ഡെപ്പോസിറ്റ് വർക്ക് സമയബന്ധിതമായി പൂർത്തീകരിക്കാൻ സെക്രട്ടറി മുഖേന സ്വീകരിച്ച നടപടികൾ, മേൽ പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ, തുകയുടെ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4/13-1-22) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കി പഞ്ചായത്ത് നേരിട്ട് പ്രവൃത്തി നിർവ്വഹിച്ച് അറിയിക്കേണ്ടതുമാണ്.

## 1-17 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിച്ചില്ല

അസി.എഞ്ചിനീയർ നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികളിൽ ടെണ്ടർ ഫീസ് ആയി കരാറുകാർ അടക്കുന്ന തുക പഞ്ചായത്തിന് ലഭിക്കാതെ നിലവിലും എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് പോകുന്നത്. എല്ലാ പഞ്ചായത്തുകളും തങ്ങളുടെ അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് വിവരം ഈ ആവശ്യത്തിലേയ്ക്കായി ഇ-ടെണ്ടർ പോർട്ടലിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതു സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ പ്രത്യേക നിർദ്ദേശമുണ്ടായിട്ടും നിലവിലും ആയത് ചെയ്തിട്ടില്ല. ഇനിയുള്ള വർഷങ്ങളിലെ ഈയിനത്തിലെ തുക നേരിട്ട് പഞ്ചായത്തിൽ ലഭ്യമാകും വിധത്തിൽ നടപടിയെടുക്കേണ്ടതും, ഇ-ടെണ്ടർ ആരംഭിച്ചതു മുതൽ നാളിതുവരെ ഈയിനത്തിലെ തുക കണക്കാക്കി ആയത് എക്സി.എഞ്ചിനീയറുടെ പക്കൽ നിന്നും ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതുമാണ്. തുക ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-18 പുതുക്കുടി പറമ്പ കുടിവെള്ള പദ്ധതി പൈപ്പ് മാറ്റൽ -പ്രവൃത്തിയിൽ അവ്യക്തതയും മറപാകതയും

നിർവ്വഹണം: അസി.എഞ്ചിനീയർ

അടങ്കൽ: 1,00,000/-തനതുഫണ്ട്

ചെലവ്: 85,690/- വൗച്ചർ നം.21900947/10.12.19

150 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ മാറ്റുന്നതിനായി തയ്യാറാക്കിയ ഈ പദ്ധതിയുടെ ആദ്യ എസ്റ്റിമേറ്റ് പുതുക്കിയാണ് പ്രവൃത്തി നിർവ്വഹിച്ചത്. വാഹനം കടന്നുപോകുന്ന വഴിയായതിനാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന 6kgf/cm2 പൈപ്പ് മാറ്റി 10kgf/cm2 പൈപ്പ് ആക്കുന്നതിനു വേണ്ടിയാണ് എസ്റ്റിമേറ്റ് പുതുക്കുന്നതെന്നാണ് കാരണം രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിനായി 24.7.19ന് ഭരണസമിതി അംഗീകാരം നൽകി. അളവു പുസ്തകം 196/18-19 പേജ് 2പ്രകാരം 68.8മീറ്ററിൽ പൈപ്പിനായി കുഴിയെടുത്തിട്ടുണ്ട്. എന്നാൽ ഈ നീളത്തിൽ രണ്ടു പൈപ്പുകൾ സ്ഥാപിച്ചതായി പേജ് 4 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ആദ്യ എസ്റ്റിമേറ്റിൽ 150 മീറ്റർ നീളത്തിൽ കുഴിയെടുത്ത് അതേ നീളത്തിൽ ഒരു പൈപ്പ് സ്ഥാപിക്കുന്നതിനാണ് ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്നത്. എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ നീളം ഗണ്യമായി കുറയാനും, പൈപ്പ് രണ്ടെണ്ണം ഉൾപ്പെടുത്താനുമുണ്ടായ സാഹചര്യം വ്യക്തമല്ല.

അളവു പുസ്തകം പ്രകാരം 07.03.19ന് ഈ പ്രവൃത്തിയുടെ അവസാന അളവു രേഖപ്പെടുത്തിയിട്ടുണ്ട്(പേജ് 5). എന്നാൽ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള തീരുമാനം എടുക്കുന്നത് 24.7.19 നാണ്. പ്രവൃത്തി പൂർത്തീകരിച്ച് മാസങ്ങൾക്ക് ശേഷം തീരുമാനമെടുക്കാനുണ്ടായ സാഹചര്യവും വ്യക്തമല്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയം യഥാർത്ഥ ആവശ്യം തിരിച്ചറിയാനാവാത്തതും, എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയ ശേഷം എസ്റ്റിമേറ്റ് പുതുക്കുന്ന നടപടി സ്വീകരിക്കുന്നതും വിശദീകരിക്കേണ്ടതാണ്.

## 1-19 ബഡ്സ് സ്കൂൾ ആരംഭിക്കാൻ നടപടികളില്ല

ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിച്ചിട്ടില്ല. സ.ഉ.(എം.എസ്.) നമ്പർ 22/18 ത.സ്വ.ഭ.വ.തിയ്യതി 14.2.18 ഖണ്ഡിക 7.1.8 പ്രകാരം തദ്ദേശ സ്വയംഭരണ സാഥാപനങ്ങൾക്ക് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ 29.7.19ലെ ജി.ഒ.എം.എസ്.നമ്പർ 148/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് സ്കൂളുകൾ എന്നപേരിൽ സ്പെഷൽ സ്കൂളുകൾ സ്ഥാപിക്കാവു ന്നതാണെന്നും ഇത്തരത്തിൽ സ്ഥാപിക്കുന്ന സ്കൂളുകളിലെ ടീച്ചർമാർക്ക് നിശ്ചിതനിരക്കിൽ ഹോണറേറിയം നൽകാവുന്നതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ ബഡ്സ് സ്കൂൾ ആരംഭിക്കാൻ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചുകാണുന്നില്ല. 2020-21 ൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ ഭിന്നശേഷി സ്കോളർഷിപ്പ് എന്ന പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന 126 പേർ ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 83 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവരാണ്. പഞ്ചായത്തിൽ ബഡ്സ് സ്കൂൾ ഇല്ലാത്തതിനാൽ ഇവരിൽ പലരും സമീപ പഞ്ചായത്തിലെ ബഡ്സ് സ്കൂളുകളെ ആശ്രയിക്കുകയാണെന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിരിക്കുന്നത്. 19-3-2018 ലെ സാമൂഹിക ക്ഷേമം വർക്കിംഗ് ഗ്രൂപ്പ് മുതൽ ഉയർന്നുവന്ന നിർദ്ദേശമാണ് പഞ്ചായത്തിൽ നിർബന്ധമായും ബഡ്സ് സ്കൂൾ ആരംഭിക്കണം എന്നത്. 10-1-2020 തീയ്യതിയിൽ കൂടിയ സാമൂഹികക്ഷേമം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ബഡ്സ് സ്കൂൾ സ്ഥാപിക്കുക എന്ന നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 2018 മുതലുള്ള മിനുട്സ് പരിശോധിച്ചതിൽ പഞ്ചായത്തിൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തതായി കണ്ടില്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശത്തിൽ തുടർ നടപടികളൊന്നും പഞ്ചായത്ത് കൈകൊണ്ടുകാണുന്നില്ല. ബഡ്സ് സ്കൂൾ ആരംഭിക്കാൻ നിലവിൽ കൈകൊണ്ടുവരുന്ന നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നലകിയ ഓഡിറ്റ് എൻകുയറിക്ക്(14/19-20 തീയ്യതി : 14-1-22) മറുപടി ലഭ്യമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശം പ്രൊജക്ടായി രൂപപ്പെടാതിരുന്നത് പദ്ധതി ആസൂത്രണത്തിൽ ഉണ്ടായ വീഴ്ചയാണ്. മേൽ സാഹചര്യങ്ങൾ പരിശോധിച്ച് ബഡ്സ് സ്കൂൾ ആരംഭിക്കേണ്ടതുണ്ടോ. എന്ന കാര്യത്തിൽ ഉചിതമായ നടപടി കൈക്കൊള്ളാവുന്നതാണ്.

## 1-20 എക്കൂ ഇനങ്ങളുടെ നിരക്ക് തെറ്റായി കണക്കാക്കി - കരാറുകാരന് അധിക തുക നൽകി

നിർവ്വഹണം: അസി.എഞ്ചിനീയർ

പ്രോജക്ട് : പി.എച്ച്.സി. നവീകരണം, 179/20

അടങ്കൽ: 17,88,000/-സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ്: 15,07,729/-/- ബിൽ നം. 6/19-20/3.9.19 – 12,93,465/-

ബിൽ നം. 15/19-20/21.1.20 – 2,14,264/-

പി.എച്ച്.സി.യുടെ വിവിധ നവീകരണപ്രവൃത്തികൾക്കായി തയ്യാറാക്കിയതാണ് ഈ പ്രോജക്ട്. ഇ- ടെണ്ടർ നടത്തി കുഞ്ഞാമു എന്ന കരാറുകാരന് പ്രവൃത്തി എൽപ്പിച്ചു. പ്രവൃത്തി സമയത്തുണ്ടായ ആവശ്യങ്ങൾ പ്രകാരം നാലിനങ്ങൾ എക്കൂയിനമായി ഉൾപ്പെടുത്തിയാണ് പ്രവൃത്തി പൂർത്തീകരിച്ചത്. എന്നാൽ ഈയിനങ്ങളുടെ നിരക്ക്

കണക്കാക്കിയതിലെ പിശക് കാരണം കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു,

| ക്രമനം | DAR ലെ ഇനം | നിരക്ക്(37.25% കോസ്റ്റ് ഇൻഡക്സ്) | 11.56% കുറവ് നിരക്ക് | നൽകാവുന്ന തുക | നൽകിയ തുക (എം.ബുക്ക് 420/18-19) | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | 2.8.1 | 228.384 | 201.984 | 535.05* (201.984x2.649) | 612.74 | 77.69 |
| 2 | 10.5.2 | 3790.71 | 3352.5 | 6185.36* (3352.5x1.845) | 7083.51 | 898.15 |
| 3 | 17.10.2.2 | 3000.63 | 2653.76 | 5307.52* (2653.76x2) | 6078.18 | 770.66 |
| 4 | 8.2.2.1 | 4600.55 | 4068.73 | 5370.72* (4068.73x1.32) | 6150.57 | 779.85 |
| ആകെ അധികം നൽകിയത് | | | | | | 2526.35 |

* മാറ്റം എയിംസിൽൽ ഉൾപ്പെടുത്തി.
അധികം നൽകിയ തുക തിരികെ ഈടാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 എസ്റ്റിമേറ്റിൽ തെറ്റായ ഇനം ഉൾപ്പെടുത്തി - നിർമ്മിതിയുടെ വിശദാംശം ലഭ്യമല്ല

നിർവ്വഹണം: അസി.എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ: കയ്യത്തിച്ചാലിൽ അംഗൻവാടി നവീകരണവും, കിണർ നിർമ്മാണവും

അടങ്കൽ: 3,50,000/-സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ്: 2,68,946/- ബിൽ നം.2/19-20/31.5.19

മേൽ അംഗൻവാടിയുടെ വിവിധ നവീകരണ പ്രവൃത്തികൾക്കും, കിണർ നിർമ്മാണത്തിനുമായി തയ്യാറാക്കിയ പ്രോജക്ടാണിത്. ഈ എസ്റ്റിമേറ്റിൽ അംഗൻവാടി കെട്ടിടത്തിന്റെ പെയിന്റിഗിനായി ഉൾപ്പെടുത്തിയിട്ടുള്ളത് DARലെ ഐറ്റം 13.43.1, 13.60.1, 13.62.1എന്നിവയാണ്. ഈ ഡാറ്റാ പുതുതായി നിർമ്മിച്ച പ്രതലത്തിന്മേൽ പെയിന്റ് ചെയ്യുന്നതിനുള്ളതാണ്. എന്നാൽ ഈ പ്രോജക്ടിൽ പെയിന്റിംഗ് പ്രവൃത്തി നടത്തിയിട്ടുള്ളത് അംഗൻവാടിയുടെ നിലവിലുള്ള കെട്ടിടത്തിലാണ്. തെറ്റായി ഇനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കാനായി ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. പ്രവൃത്തി നടത്തിയ കെട്ടിടം ഏതു വർഷം നിർമ്മിച്ചതാണെന്ന് പരിശോധിക്കേണ്ടതും, നിർമ്മാണം പുതിയതല്ലെങ്കിൽ മേൽ ഇനങ്ങൾ ഉൾപ്പെടുത്തിയതു മൂലമുണ്ടായ അധിക ചെലവ് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും, വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-22 വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം- നിർവ്വഹണത്തിലെ അപാകതകൾ

2019-20 വർഷം കുടിവെള്ള വിതരണത്തിനായി താഴെ കൊടുത്തിരിക്കുന്ന പ്രകാരം തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

| ചെലവ് തുക | സാംഖ്യ വൗച്ചർ നംപർ/തീയ്യതി |
|---|---|
| 183300 | 21900347/18-7-2019 |
| 183300 | 21900348/18-7-2019 |
| 183300 | 21900349/18-7-2019 |

| | |
|---|---|
| 183300 | 21900350/18-7-2019 |
| 183300 | 21900351/18-7-2019 |
| 1099800 | |

വരൾച്ച മൂലം രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്ന ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി 26-3-2019 ലെ പഞ്ചായത്ത് ഭരണസമിതിയുടെ 4ാം നംപർ തീരുമാന പ്രകാരം ക്ളസ്റ്റർ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിക്കാൻ തീരുമാനിക്കുകയും ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരുമായി 9-4-2019 ൽ നെഗോസിയേഷൻ നടത്തുകയും നെഗോസിയേഷനിലൂടെ താഴെ കൊടുത്തിരിക്കും പ്രകാരം കരാറുകാർക്ക് കുടിവെള്ള വിതരണത്തിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

| ക്ളസ്റ്റർ | വാർഡുകൾ | കരാറുകാരന്റെ പേര് | ടെണ്ടറിൽ ക്വാട്ടുചെയ്ത നിരക്ക് |
|---|---|---|---|
| ക്ളസ്റ്റർ - 1 | 1,2,3,4,5 | ശശി.പി, പുതിയടത്തിൽ | ലിറ്ററിന് 25 പൈസ |
| ക്ളസ്റ്റർ - 2 | 7,8,9,10 | ഉനൈസ്.എ,അരീക്കൽ | ലിറ്ററിന് 24 പൈസ |
| ക്ളസ്റ്റർ - 3 | 6,11,12 | മുനീർ.കെ,കോണാറമ്പത്ത് | ലിറ്ററിന് 25 പൈസ |
| ക്ളസ്റ്റർ - 4 | 13,14,22 | അബൂബക്കർ.സി.പി,ചാലിൽപുറായിൽ | ലിറ്ററിന് 30 പൈസ |
| ക്ളസ്റ്റർ - 5 | 15,16,21 | ജംഷാദ്.ടി.കെ,വെള്ളിപറമ്പ് | ലിറ്ററിന് 28 പൈസ |
| ക്ളസ്റ്റർ - 6 | 17,18,19,20 | ഉമ്മർ മൂളിയത്ത്,വെള്ളിപറമ്പ് | ലിറ്ററിന് 30 പൈസ |

പഞ്ചായത്ത് പരിധിയിൽ ഏപ്രിൽ,മെയ്,ജൂൺ മാസങ്ങളിൽ കരാറുകാർ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ട്. 17-4-2019 മുതൽ 10-6-2019 വരെയുള്ള കാലയളവിൽ വരൾച്ച ബാധിച്ച വിവിധ വാർഡുകളിലായി കരാറുകാർ 10621250 ലിറ്റർ കുടിവെള്ളം വിതരണം ചെയ്തതിന് ഗ്രാമ പഞ്ചായത്തിന് 2848167 രൂപ തൻവർഷം ചെലവായിട്ടുണ്ട്. സ.ഉ.(സാധാ) നം. 500/19 ത.സ്വ.ഭ.വ തീയ്യതി.2-3-19 ൽ നിർദ്ദേശിച്ച പ്രകാരം 1-4-2019 മുതൽ 31-5-2019 വരെ ചെലവഴിക്കാവുന്ന 11 ലക്ഷം രൂപയുടെ പരിധി വച്ച് 1099800 രൂപ കരാറുകാർക്ക് നൽകിയിട്ടുണ്ട്. പിന്നീട് സർക്കാർ ഉത്തരവ് (സാധാ) നം.1060/2020 ത.സ്വ.ഭ.വ പ്രകാരം കുടിവെള്ള വിതരണത്തിന് അധികമായി ചെലവഴിച്ച 1748167 രൂപ (2848167-1099800) തനതു ഫണ്ടിൽ നിന്നും ചെലവഴിക്കാൻ അനുമതി ലഭിച്ചതിന്റെയടിസ്ഥാനത്തിൽ 2020-21 ൽ 303/21 പ്രോജക്ട് മുഖേന ചെക്ക് നംപർ 45616/17-2-2021 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1.കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് റീകൂപ്പ് ചെയ്യാൻ നടപടി സ്വീകരിച്ചില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 166ാം വകുപ്പ 3 ാം പട്ടിക പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. 23.2.2017 ലെ (സാധാ) നം. 787/2017/ഡി.എം.ഡി നം. ഉത്തരവ് ഖണ്ഡിക 5 പ്രകാരം അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം ആവശ്യത്തിന് ലഭ്യമായിട്ടുള്ള പക്ഷം പ്രസ്തുത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരവരുടെ സംവിധാനം ഉപയോഗിച്ച് ജലവിതരണം നടത്താവുന്നതാണ്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീകൂപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-8-19ലെ LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്നതിനാലാണ് ഇക്കാര്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീകൂപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ 2848167രൂപ തനതു ഫണ്ട് പഞ്ചായത്തിന് നഷ്ടമാകുന്ന അവസ്ഥയുണ്ട്.

2.ജലവിതരണത്തിനുള്ള നിരക്ക് നിശ്ചയിച്ചത് സർക്കാർ നിർദ്ദേശ പ്രകാരമല്ല

ദുരന്ത നിവാരണ വകുപ്പിന്റെ 23.02.2017 ലെ 787/2017/ഡി.എ.ഡി നമ്പർ ഉത്തരവ് ഖണ്ഡിക.4(g) പ്രകാരം ജല വിതരണത്തിന് കിലോമീറ്റർ അടിസ്ഥാനത്തിലാണ് റേറ്റ് നിർണ്ണയിക്കണ്ടെതെന്നും ജില്ലാകലക്ടർ നിർണ്ണയിക്കുന്ന നിരക്കിനേക്കാളും കുറഞ്ഞ നിരക്കിൽ ആണ് ഗ്രാമപഞ്ചായത്തുകൾ ജലവിതരണം നടത്തേണ്ടത് എന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ വിതരണം ചെയ്ത വെള്ളത്തിന്റെ ലിറ്റർ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് തുക നൽകിയത്.

3.ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തിയിട്ടും ജിപി.എസ്.ലോഗ് പരിശോധിക്കാതെ തുക നൽകി.

ജില്ലാതല റവന്യൂ അധികാരികൾക്ക് കുടിവെള്ള വിതരണം സംബന്ധിച്ച് മോണിറ്ററിങ്ങ് നടത്തുന്നതിന് GPS ട്രാക്കിങ്ങിനുള്ള സംവിധാനം നിർബന്ധമായും തദ്ദേശ മേധാവികൾ ഏർപ്പെടുത്തണം . GPS ലോഗും വാഹന ലോഗും പരിശോധന നടത്തി സുതാര്യത ഉറപ്പുവരുത്തിയാണ് തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ തുക വിനിയോഗിക്കേണ്ടത്. 2019-20 ൽ പെരുവയൽ ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള വിതരണം ഏറ്റെടുത്ത് നടത്തിയ 6 കരാറുകാരുടെ 6 വാഹനങ്ങളിലും 26-4-2019 ന് ജി.പി.എസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 34409/8-5-2019 നംപർ ചെക്ക് പ്രകാരം തനത ഫണ്ടിൽ നിന്നും 11328 രൂപ ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിന്റെ ഫയൽ പരിശോധിച്ചപ്പോൾ GPS ലോഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. വാഹന ലോഗും, GPS ലോഗും താരതമ്യം ചെയ്ത് ചെലവ് തുകയുടെ കൃത്യത ഉറപ്പാക്കാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചിരിക്കുന്നത്.

4) ആദായ നികുതി ഈടാക്കാതെ കരാറുകാർക്ക് തുകനൽകി

1961 ലെ ആദായ നികുതി നിയമം വകുപ്പ് 194(സി) പ്രകാരം കരാറുകാരന് നൽകിയ തുകയിൽ നിന്ന ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. എന്നാൽ 2019-2020ലെ വരൾച്ചാ കാലങ്ങളിൽ കുടിവെള്ള വിതരണത്തിനായി 1099800 രൂപ ചെലവഴിച്ചപ്പോൾ കരാറുകാരിൽ നിന്നും ആദായ നികുതിയിനത്തിൽ തുക ഈടാക്കിയിട്ടില്ല.

5. പ്രോജക്ട് വെക്കാതെ കുടിവെള്ള വിതരണത്തിന് തുക ചെലവഴിച്ചു .

2019-20 ൽ 193/20 നംപരായി 1100000 രൂപ തനത ഫണ്ട് വകയിരുത്തി കുടിവെള്ള വിതരണത്തിന് പ്രോജക്ട് വച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് വഴിയല്ലാതെ തനത ഫണ്ടുമുപയോഗിച്ച് സ.ഉ.(സാധാ) നം. 500/19 ത.സ്വ.ഭ.വ തീയ്യതി.2-3-19 ൽ നിർദ്ദേശിച്ച പ്രകാരം 1-4-2019 മുതൽ 31-5-2019 വരെ ചെലവഴിക്കാവുന്ന 11 ലക്ഷം രൂപയുടെ പരിധി വച്ച് 1099800 രൂപ കരാറുകാർക്ക് നൽകിയിട്ടുണ്ട്. പ്രോജക്ടിൽ തുക വകയിരുത്തിയിട്ടും പ്രോജക്ട് വഴിയല്ലാതെ തുക ചെലവഴിച്ചതിന്റെ സാംഗത്യം വ്യക്തമല്ല.

6.ഫുഡ്&സേഫ്റ്റി നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഉറപ്പുവരുത്താതെ കുടിവെള്ള വിതരണം നടത്തി .

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവള്ളം വിതരണം /വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം.

എന്നാൽ കുടിവള്ളം വിതരണം നടത്തിയ വാഹനങ്ങൾക്ക് എഫ്.ബി.ഒ. ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാർ ഹാജരാക്കിയിട്ടില്ല. കുടിവെള്ളം വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധന നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറുകാർ കുടിവെള്ള വിതരണം നടത്തുന്നതിനായി 6 വാഹനങ്ങൾ ഉപേയാഗിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമാക്കിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക്(നം.11/14-1-22) മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾക്ക് വ്യക്തമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-23 തൻവർഷ ചെലവു തുച്ഛം - വികസനഫണ്ടുകൾ പാഴാകുന്നു

2019-20 വർഷത്തിൽ അസി.എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കിയത് ആകെ 5,60,84,927/-രൂപ അടങ്കലിലുള്ള പദ്ധതികളാണ്. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ 43% വരുമിത്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തി ചെലവഴിച്ചിരിക്കുന്നത് 1,75,58,699/-(31.3%)രൂപ മാത്രമാണ്. തൻവർഷത്തെ വാർഷിക പദ്ധതിയിൽ 32 സ്പിൽഓവർ പദ്ധതികളുൾപ്പെടെ ആകെ 159പ്രോജക്ടുകളാണ് അസി.എഞ്ചിനീയർക്ക് നടപ്പാക്കാനുണ്ടായിരുന്നത്. ഇതിൽ 27സ്പിൽഓവർ പദ്ധതികൾക്കും 41 തൻവർഷ പദ്ധതികൾക്കും മാത്രമാണ്

ചെലവുള്ളത്. ആകെ ചെലവിന്റെ 56.48% ഉം സ്പിൽഓവർ പദ്ധതികൾക്കാണ് ചെലവഴിച്ചിട്ടുള്ളത്. ഫണ്ടിനം തിരിച്ച വിശദാംശം ചുവടെ കൊടുക്കുന്നു,

| ഫണ്ടിനം | ആകെ അടങ്കൽ | ആകെ ചെലവ് | സ്പിൽഓവർ അടങ്കൽ | സ്പിൽഓവർ ചെലവ് | സ്പിൽഓവർ ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 7487137 | 1085484 | 1669587 | 1085484 | 100% |
| വികസനഫണ്ട് എസ്.സി.പി. | 5043000 | 344488 | 600000 | 46525 | 13.5% |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 14165994 | 3465825 | 875844 | 202116 | 5.8% |
| സംരക്ഷണഗ്രാന്റ് റോഡ് | 3925000 | 1687635 | 1337000 | 1189706 | 70.5% |
| സംരക്ഷണഗ്രാന്റ് റോഡിതരം | 4136170 | 2354259 | 2824170 | 2354259 | 100% |
| തനതുഫണ്ട് | 12856394 | 6397554 | 5486664 | 3614695 | 56.5% |

മുകളിലെ പട്ടിക പരിശോധിച്ചാൽ തൻവർഷം അസി.എഞ്ചിനീയർ ചെലവഴിച്ച വികസനഫണ്ട് ജനറൽ, സംരക്ഷണഗ്രാന്റ് റോഡിതരം എന്നിവ പൂർണ്ണമായും സ്പിൽഓവർ പദ്ധതികൾക്കു വേണ്ടിയാണ് വിനിയോഗിച്ചതെന്ന് കാണാം. ഈ ഫണ്ടിനങ്ങളിൽ തൻവർഷ പ്രോജക്ടുകളിലൊന്നും തന്നെ നിർവ്വഹിക്കാത്തതിനാൽ ലഭ്യമായ വൻതുക സർക്കാരിലേയ്ക്ക് തിരികെ എടുക്കപ്പെട്ടിട്ടുണ്ട്.

അസി.എഞ്ചിനീയർ നൽകിയ കണക്കുകൾ പ്രകാരം 2018-19വർഷത്തിൽ കൃബില്ലുകളായ 43,14,827/-രൂപയുടെ ചെലവ് 2019-20വർഷത്തെ ഫണ്ടിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്. 2019-20വർഷത്തിൽ 1,19,41,720/- രൂപയുടെ ബില്ലുകൾ വീണ്ടും കൃബില്ലായി. ഇക്കാര്യങ്ങൾ പരിഗണിച്ചാൽ പോലും ആകെ ചെലവ് പരമാവധി എത്തുക 2,51,85,592/-( 1,75,58,699 – 43,14,827 + 1,19,41,720)രൂപയിലാണ്. അതായത് ചെലവു ശതമാനം 44.9%.

2020ഫെബ്രുവരി മാസം മുതലുള്ള ബില്ലുകളാണ് കൃബില്ലുകളായി മാറിയിട്ടുള്ളതെന്ന് അസി.എഞ്ചിനീയറുടെ ട്രഷറി ബിൽ ബുക്ക് സാക്ഷ്യപ്പെടുത്തുന്നു. 2019-20വർഷ വാർഷിക പദ്ധതിയ്ക്ക് 2018ഡിസംബർ മാസത്തിൽ ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നിട്ടും പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം ഉണ്ടായത് സർക്കാർ ഗ്രാന്റുകളുടെ നഷ്ടപ്പെടലുകൾക്ക് കാരണമായിട്ടുണ്ട്. പദ്ധതി പൂർത്തീകരണ കാലതാമസത്തിനും, സർക്കാർ ഗ്രാന്റ് നഷ്ടപ്പെടുത്തിയതിനും വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. വാർഷിക പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും വികസനപ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന ഫണ്ടുകൾ നഷ്ടപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-24 ആദായ നികുതി - യഥാസമയം ഒടുക്കാത്തതിനാൽ പിഴ ഒടുക്കി

2019-20 വർഷത്തിൽ ഐ.പി.ഒ. (ടി.ഡി.എസ് ) അരിയൽ ഡിമാന്റ്/ 1843/2019-20/സി.എച്ച്..എൻ.പി.ഒ. 1543 ഡി. തിയ്യതി 6.8.2019 നമ്പർ പ്രകാരം ഗ്രാമപഞ്ചായത്തിന് നൽകിയ കത്ത് പ്രകാരം 2017-18 വരെ ആദായനികുതി ഇനത്തിൽ 219680/- രൂപ ഒടുക്കുവാൻ അവശേഷിക്കുന്ന എന്ന് അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഹിയറിംഗ് 19.08.2019 ൽ വെച്ചതായും അറിയിച്ചു. 2007-08 മുതൽ 2017-18 വരെ ഒടുക്കാൻ അവശേഷിക്കുന്ന ടാക്സിന്റെ വിശദാംശം, ലേറ്റ് പേമെന്റ് പലിശ ഉൾപ്പെടെ പ്രസ്തുത കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. ഇത് പ്രകാരം താഴെ കൊടുത്ത തുകയാണ് അവശേഷിക്കുന്നത്.

| വർഷം | തുക |
|---|---|
| 2007-2008 | 4210 |

| | |
|---|---|
| 2010-2011 | 2790 |
| 2011-2012 | 1030 |
| 2012-2013 | 670 |
| 2013-2014 | 160840 |
| 2014-2015 | 5320 |
| 2016-2017 | 8700 |
| 2017-2018 | 36120 |
| | 219680 |

മേൽ തുകയുടെ പലിശ ഇനത്തിൽ 13390/- രൂപ വൗച്ചർ നമ്പർ 21900482/30.8.2019 പ്രകാരം ഇൻകം ടാക്സിന് ഒടുക്കിയിട്ടുണ്ട്. യഥാസമയം ടാക്സ് ഈടാക്കിയത് ഒടുക്കാത്തതിനാലാണ് 13390 രൂപ അടവാക്കാൻ സാഹചര്യമുണ്ടാക്കിയത്. 2007-08 മുതൽ പിരിച്ചെടുത്ത തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയ, ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് പലിശ ഇനത്തിൽ അടച്ച തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

## 1-25 സേവനപുസ്തകം -പരിപാലിക്കുന്നതിലെ അപാകതകൾ

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റ് വർഷത്തെയും, നിലവിലുള്ള ജീവനക്കാരുടെ സേവനപുസ്തകം മറ്റ് അനുബന്ധരജിസ്റ്ററുകളും പരിശോധിച്ചതിൽ ലീവ് കണക്കാക്കുന്നതിലും രേഖപ്പെടുത്തുന്നതിലും അപാകതകൾ കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ജീവനക്കാരന്റെ പേര്/തസ്തിക | അപാകത |
|---|---|
| 1. നാൻസി.പി, ഓഫീസ് അറ്റൻഡന്റ് | 31.8.2021 മുതൽ 15.9.2021 വരെ ഹോം ക്വാറന്റൈൻ ആയതിനാൽ സ്പെഷ്യൽ ലീവ് അപേക്ഷിച്ചു. എന്നാൽ അനുവദിച്ചത് സംബന്ധിച്ച വിശദാംശം സേവന പുസ്തകത്തിൽ ഇല്ല. അസാന്നിദ്ധ്യം റഗുലറൈസ് ചെയ്തിട്ടില്ല. |
| 2.മൊയ്തീൻ കോയ.പി, ഓഫീസ് അറ്റൻഡന്റ് | ഹാജർ പുസ്തകം പരിശോധിച്ചതിൽ 26.8.2021 മുതൽ 16.9.2021 വരെ മെഡിക്കൽ ഗ്രൗണ്ടിൽ ലീവായതിനാൽ ഇത് സംബന്ധിച്ച വിശദാംശം സേവനപുസ്തകത്തിൽ ഇല്ല. |

| | |
|---|---|
| 3.മോഹനൻ.എൻ,<br>ഹെൽത്ത് ഇൻസ്പെക്ടർ | 16.8.2021 മുതൽ 5.9.2021 വരെ 21 ദിവസം തുടർച്ചയായി ആകസ്മികാവധി. ഇത് 15 ദിവസമാക്കി (ഒഴിവ് ദിവസം ഉൾപ്പെടെ) പരിമിതപ്പെടുത്തി ബാക്കി ദിവസം ലീവ് ചട്ടങ്ങൾക്ക് അനുസൃതമായി ക്രമപ്പെടുത്തേണ്ടതാണ്. |
| 4.ഗീതാകുമാരി.എസ്.എൻ,<br>സീനിയർ ക്ലാർക്ക് | ആർജ്ജിതാവധി കണക്കാക്കിയ പിരീയഡ് ആയ 1.9.2011 മുതൽ 31.8.2016 വരെയുള്ള 1827 ദിവസത്തിൽ നിന്ന് ആകെ 300 ശമ്പളരഹിത അവധി മാത്രമാണ് കുറവ് ചെയ്തത്. എന്നാൽ ഇക്കാലയളവിൽ (480+181=661) 661 ശമ്പള രഹിത അവധിയും 80 അർദ്ധവേതനാവധിയും 180 ദിവസം പ്രസവാവധിയുമുണ്ട്. (28.9.2012 മുതൽ 26.3.2013 വരെ) |

മേൽ കാണിച്ചതിൽ ഗീതാകുമാരിയുടെ ആർജ്ജിതാവധി ലീവ് അക്കൗണ്ട് റീ കാൽക്കുലേറ്റ് ചെയ്യേണ്ടതും മറ്റ് മൂന്ന് പേരുടെ ലീവ് സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും, അക്കാലയളവിലെ ആർജ്ജിതാവധി കണക്കാക്കുമ്പോൾ, സ്പെഷ്യൽ ലീവ് കാലയളവ് പിരീഡ് ഓഫ് ഡ്യൂട്ടിയിൽ കുറവ് ചെയ്യേണ്ടതുമാണ്. (ജി.ഒ. (പി.)നമ്പർ 179/2021/ഫിൻ. തിയ്യതി 30.12.2021 കാണുക. )

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എക്കൂ ഇനങ്ങളുടെ നിരക്ക് തെറ്റായി കണക്കാക്കി - കരാറുകാരന് അധിക തുക നൽകി

നിർവ്വഹണം: അസി.എഞ്ചിനീയർ

പ്രോജക്ട് : പി.എച്ച്.സി. നവീകരണം, 179/20

അടങ്കൽ: 17,88,000/-സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ്: 15,07,729/-/- ബിൽ നം. 6/19-20/3.9.19 – 12,93,465/-

ബിൽ നം. 15/19-20/21.1.20 – 2,14,264/-

പി.എച്ച്.സി.യുടെ വിവിധ നവീകരണപ്രവൃത്തികൾക്കായി തയ്യാറാക്കിയതാണ് ഈ പ്രോജക്ട്. ഇ- ടെണ്ടർ നടത്തി കുഞ്ഞാമു എന്ന കരാറുകാരന് പ്രവൃത്തി എൽപ്പിച്ചു. പ്രവൃത്തി സമയത്തുണ്ടായ ആവശ്യങ്ങൾ പ്രകാരം നാലിനങ്ങൾ എക്കൂയിനമായി ഉൾപ്പെടുത്തിയാണ് പ്രവൃത്തി പൂർത്തീകരിച്ചത്. എന്നാൽ ഈയിനങ്ങളുടെ നിരക്ക് കണക്കാക്കിയതിലെ പിശക് കാരണം കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു,

| ക്രമനം | DAR ലെ ഇനം | നിരക്ക്(37.25% കോസ്റ്റ് ഇൻഡക്സ്) | 11.56% കുറവ് നിരക്ക് | നൽകാവുന്ന തുക | നൽകിയ തുക(എം.ബുക്ക് 420/18-19) | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | 2.8.1 | 228.384 | 201.984 | 535.05(201.984x2.649) | 612.74 | 77.69 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 10.5.2 | 3790.71 | 3352.5 | 6185.36(3352.5x1.845) | 7083.51 | 898.15 |
| 3 | 17.10.2.2 | 3000.63 | 2653.76 | 5307.52(2653.76x2) | 6078.18 | 770.66 |
| 4 | 8.2.2.1 | 4600.55 | 4068.73 | 5370.72(4068.73x1.32) | 6150.57 | 779.85 |
| ആകെ അധികം നൽകിയത് | | | | | | 2526.35 |

അധികം നൽകിയ തുക തിരികെ ഈടാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 06.01.2022 മുതൽ 09.01.2022 വരെ | |

### 4-2 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി | പ്രോജക്ടിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 750000 | പ്രോ.നം.9/20-പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 750000 | 0 | പൂർത്തീകരിച്ചു |
| കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 55000 | പ്രോ.നം.18/20-നെൽകൃഷിക്ക് വിത്ത്, രാസവളം, കൂലിചെലവ് | 55000 | 0 | പൂർത്തീകരിച്ചു |
| കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | പ്രോ.നം.27/20-ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് ഇൻസെന്റീവ് | 300000 | 0 | പൂർത്തീകരിച്ചു |

| | | | | | | |
|---|---|---|---|---|---|---|
| കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000 | പ്രോ.നം.158/20-മുണ്ടക്കൽ കാർഷിക വിപണന കേന്ദ്രം പൂർത്തീകരണം | 0 | 500000 | സ്പിൽഓവർ |
| കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1771373 | ലൈഫ് ഭവന പദ്ധതി ജനറൽ | 1771373 | 0 | പൂർത്തീകരിച്ചു |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | സാമ്പത്തിക വർഷം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.എം.എ.വൈ ഭവന പദ്ധതി ലോൺ തിരിച്ചടവ് (HUDCO) | | 45960000 | 4200000 | 7853333 | 42306667 |
| KURDFC Loan | 2019-20 | 2160000 | 0 | 2160000 | 0 |
| EMS ഭവന പദ്ധതി ലോൺ തിരിച്ചടവ് | | 0 | 3387764 | 400000 | 2987764 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 19(b,c) | 2003-(പൊതു പരാമർശം) | 11.13.7.25 | നികുതി പിരിവിൽ അലംഭാവം | |
| 2000-01 | 52 | 2003-04 | 11(1) | തൊഴിൽ രഹിത വേതനം | റവന്യൂ റിക്കവറി നടപടി പ്രകാരം തുക ഈടാക്കി റിപ്പോർട്ട് നൽകാൻ എൽ.എസ്.ജി.ഡിയോട് ശുപാർശ ചെയ്തു |
| 2000-01 | 45 | 2003-04 (പൊതു പരാമർശം) | 11.13.6.4 | കാർഷിക യന്ത്രവൽക്കരണം | |
| 2000-01 | | 2003-04 | 11.14 | 1)കൊടേക്കുന്ന് അംഗൻവാടി കെട്ടിടം<br>2)വെറ്റിറനറി ആശുപത്രി റിപ്പയർ<br>3) പാലക്കുറ്റി മുതമ്മൽ റോഡ് | |
| 2001-02 | | 2003-04 | 11.14 | വീട്ടിൽ ഒരു പശു പദ്ധതി | |
| 2001-02 | | 2004-05 | 11.1.1.4 | ക്യാഷ് ബുക്കും രജിസ്റ്ററുകളും എഴുതിയില്ല | |
| 2001-02 | | 2004-05 | 11.1.3.28 | നികുതി പിരിവിൽ അലംഭാവം | |
| 2001-02 | | 2004-05 | 11.1.4.8 | തൊഴിൽ പരിശീലന പദ്ധതികൾ | |
| 2004-05 | 3-6 | 2006-07 | 3.81.1 | ശുദ്ധജലവിതരണ പ്രവൃത്തി പൂർത്തിയായില്ല | |
| 2007-08 | | 2011-12 | 4.15 | വികസന ഫണ്ട് ബാങ്കിൽ നിക്ഷേപിച്ചു | |
| | | 2013-14 | 6.3.1 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി | |
| | | 2013-14 | 6.3.2 | പ്രൊക്യൂർമെന്റ് സൈക്കിൾ | |
| | | 2015-16 | 4.1.5 | നികുതി/നികുതിയേതരം പൊരുത്തപ്പെടാത്ത കണക്കുകൾ | |
| | | 2015-16 | 4.1.6 | വാർഷിക ധനകാര്യ പത്രിക വിവരങ്ങളുടെ | |

| | | | | | |
|---|---|---|---|---|---|
| | | | | കൃത്യത | |
| 2014-15 | 2-3,2-6 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2016-17 | 2-2 | 2017-18 | 1.11.8 | വസ്തു നികുതി – സഞ്ചയയിൽ പ്ലിന്ത് ഏരിയയിലി കുറവു വരുത്തുന്നു | |
| 2016-17 | 2-3 | 2017-18 | 1.11.9 | പഴയ നിരക്കിൽ വസ്തു നികുതി ഈടാക്കി | |
| 2016-17 | 2-4 | 2017-18 | 1.11.10 | വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി കണക്കാക്കി | |
| 2016-17 | 2-5 | 2017-18 | 1.11.11 | നികുതിയിളവ് നൽകി | |
| 2016-17 | 2-6 | 2017-18 | 1.11.12 | മുഴുവൻ കെട്ടിടങ്ങൾക്കും നികുതി ഡിമാന്റ് ചെയ്തില്ല | |
| 2016-17 | 2-7 | 2017-18 | 1.11.13 | ഇൻഡസ്ട്രിയൽ ഷെഡിന് പാർപ്പിടത്തിന്റെ നിരക്ക് അനുവദിച്ചു | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | രൂ.81709784/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | രൂ.76950698/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | രൂ. 2526/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | രൂ.710522/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2526/- | ശ്രീമതി.അർച്ചന.സി.ജെ, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | രൂ.710522/- | ശ്രീമതി.സിന്ധു.പി.എസ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ്നടന്നസമയത്തെ)<br>ഔദ്യോഗിക ൽവിലാസം | |
| ശ്രീമതി.സിന്ധു.പി.എസ്,<br>സെക്രട്ടറി | സെക്രട്ടറി, പെരുവയൽ<br>ഗ്രാമപഞ്ചായത്ത്, പൂവ്വാട്ടുപറമ്പ് | വിനു വിഹാർ,<br>എൻ.ഐ.ടി,<br>കോഴിക്കോട് - 673601 |
| ശ്രീമതി.അർച്ചന.സി.ജെ,<br>അസി. എഞ്ചിനീയർ | കൊടാപ്പള്ളി പറമ്പ്,<br>കോട്ടൂളി.പി.ഒ, 673016 | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ്<br>വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച<br>ഏറ്റവും<br>ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ<br>അവശേഷിക്കുന്ന<br>ഖണ്ഡികകളുടെ<br>എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി9/1274(2)<br>Dt.27.09.2011 | 1 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(3)<br>Dt.27.09.2011 | 2 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(4)<br>Dt.27.09.2011 | 5 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(5)<br>Dt.27.09.2011 | 4 |
| 2000-01(പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(6)<br>Dt.27.09.2011 | 7 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(7)<br>Dt.27.09.2011 | 4 |
| 2001-02(പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(8)<br>Dt.14.07.2010 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി9-1274/11(9)<br>Dt.27.09.2011 | 09 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി4/262/10<br>Dt.20.05.2010 | 07 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.എസ്1/728/07<br>തി.05.10.07- | 15 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി4/358/10-<br>dt.30.04.10 | 16 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.എസ്1/178/09-1<br>Dt.21.04.09 | 36 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.എസ്1/1446/09<br>Dt.08.04.10 | 49 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി9/785<br>/13തി.28.04.12 | 39 |
| 2009-10<br>2010-11 | എൽ.എഫ്.കെ.കെ.ഡി.പി9/726<br>/12തി.07.05.13 | 29 |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി9/1075 /13(1)തി.02.08.14 | 17 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി9/785 /12തി.28.04.12 | 23 |
| 2013-14 | എൽ.എഫ്.കെ.കെ.ഡി.പി9/633 /15(1)തി.28.04.12 | 40 |
| 2014-15 | എൽ.എഫ്.കെ.കെ.ഡി.പി9/662 /15തി.08.07.15 | 28 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി14/165/ 2016, തീ.31.01.2017 | 20 |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി/പി.14/ 1734/2017 | 24 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി/പി.14/ 2285/2018/13.12.2018 | 24 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി/പി.14 /273/2020 /29.07.2020 | 34 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്